# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/175/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 25/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.25/175/2023 തീയ്യതി: 25/03/2023

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2022 മുതൽ 14-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ പി മുഹമ്മദ് കുട്ടി | ചെയർമാൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ഭഗീരഥി സി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 02-04-2021 |
| ശ്രീ സതീഷ്കുമാർ എം | സെക്രട്ടറി | 03-04-2021 | 30-07-2021 |
| ശ്രീമതി ഭഗീരഥി സി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഭഗീരഥി സി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ. നസീമ മുബാറക്ക് എം. കെ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 01-04-2021 | 12-12-2021 |
| ഡോ ആർ പ്രഭുദാസ് | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 13-12-2021 | 31-03-2022 |
| ശ്രീമതി അസ്മാബി പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| ശ്രീമതി ജലജ ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 07-11-2021 | 31-03-2022 |
| ഡോ. ജി പ്രശാന്ത് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സുനന്ദകുമാർ എം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 18-04-2021 |
| ഡോ ഷാഹിന ടി യു | മെഡിക്കൽ ഓഫീസർ ഹോമിയോ | 19-04-2021 | 31-03-2022 |
| ശ്രീ. വിഷ്ണു ആർ | കൃഷി ഓഫീസർ | 01-04-2021 | 11-10-2021 |
| ശ്രീമതി ആരുണി പി എസ് | കൃഷി ഓഫീസർ | 12-10-2021 | 31-03-2022 |
| ശ്രീ പ്രതാപൻ കെ | പ്രിൻസിപ്പാൾ | 01-04-2021 | 07-12-2021 |
| ശ്രീമതി സഫിയ എൻ | പ്രിൻസിപ്പാൾ | 08-12-2021 | 31-03-2022 |
| ഡോ. രേഷ്മ എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ശിവ പ്രസാദ് പി എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 13 | തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ റിട്ടേണുകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-12 |
| 14 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയത് - അപാകതകൾ. | 1-13 |
| 15 | വസ്തുനികുതി-1.19 കോടി രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു | 1-14 |
| 16 | സാംഖ്യ രസീത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-15 |
| 17 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു. | 1-16 |
| 18 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത. | 1-17 |
| 19 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-18 |
| 20 | വാഹന പരിപാലനം-അപാകതകൾ | 1-19 |
| 21 | സ്വച്ഛ ഭാരത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 22 | പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-21 |
| 23 | ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-22 |
| 24 | നിക്ഷേപപ്രവർത്തികൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-23 |
| 25 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ-സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല. | 1-24 |
| 26 | തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും സർക്കാർ മാർഗ്ഗനിർദേശങ്ങൾ | 1-25 |

| | | |
|---|---|---|
| | പാലിച്ചില്ല. | |
| 27 | റിംഗ് കംമ്പോസ്റ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-26 |
| 28 | വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണം അപാകതകൾ. | 1-27 |
| 29 | ഹരിത കർമ്മസേന. | 1-28 |
| 30 | മുൻകൂർ തുകനൽകി-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-29 |
| 31 | ആശ്രയ പദ്ധതി. | 1-30 |
| 32 | ഗ്രോബാഗ് വിതരണം- രസീതുബുക്ക് ഉപയോഗത്തിലെ അപാകതകൾ. | 1-31 |
| 33 | കൃഷി ഭവനിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-പ്രിന്റർ ലഭ്യമായിട്ടില്ല. | 1-32 |
| 34 | പി.എം.എ വൈ ഭവനപദ്ധതി - അപാകതകൾ. | 1-33 |
| 35 | ദേശീയ നഗര ഉപജീവന ദൗത്യം (NULM). | 1-34 |
| 36 | നഗരസഭാ വയോമിത്രം പദ്ധതി. | 1-35 |
| 37 | നഗരസഭാ വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ അടവാക്കിയില്ല. | 1-36 |
| 38 | പോഷകാഹാര വിതരണം- വിതരണ ഏജൻസിയെ കൗൺസിൽ അംഗീകരിച്ചിട്ടില്ല. | 1-37 |
| 39 | മൃഗാശുപത്രിക്ക് ലാപ്ടോപ്പ് വാങ്ങൽ - തുക തിരികെ ലഭ്യമായില്ല | 1-38 |
| 40 | മുൻകൂർ തുക നൽകി - മരുന്നുകൾ ലഭ്യമായില്ല | 1-39 |
| 41 | PSC പരിശീലനം - ചെലവുകൾ - മാർഗ്ഗരേഖക്ക് വിരുദ്ധം | 1-40 |
| 42 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ. | 1-41 |
| 43 | SSA വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-42 |
| 44 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി. | 1-43 |
| 45 | ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല. | 1-44 |
| 46 | അധിക നിരക്ക് അനുവദിച്ചത് കാരണം 31813 രൂപയുടെ അധികച്ചെലവ്. | 1-45 |
| 47 | കരാർ ഒപ്പുവയ്ക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. | 1-46 |
| 48 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-47 |
| 49 | താലൂക്ക് ആശുപത്രിയിൽ സിവറേജ് പ്ലാന്റ് സ്ഥാപിക്കൽ - പ്രവൃത്തിയുടെ പുരോഗതി വിവരവും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമല്ല. | 1-48 |
| 50 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു. | 1-49 |
| 51 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ രേഖകളുടെയും രജിസറ്ററുകളുടെയും സൂക്ഷിപ്പിലെ ന്യൂനതകൾ. | 1-50 |
| 52 | ടെണ്ടർ സ്വീകരിക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-51 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ. | 3-1 |
| 2 | അധിക നിരക്ക് അനുവദിച്ചു- ₹31813 അധികച്ചെലവ്. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| (1) 22.02.2021 | (1) 26.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31-07-2022 | 29.07.22 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 68750617 |
| വരവ് | 151329133 |
| ആകെ | 220079750 |
| ചെലവ് | 151316212 |
| നീക്കിയിരിപ്പ് | 68763538 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 27764267 | 27764267 | 27753547 | 10720 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3737400 | 3737400 | 4461378 | (-723978) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7060000 | 7060000 | 4590153 | 2469847 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9620001 | 9620001 | 6905889 | 2714112 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 0 | 22975000 | 22975000 | 15918745 | 7056255 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | | 14149648 | 14149648 | 8235190 | 5914458 |
| ബി ഫണ്ട് | 0 | 95362040 | 95362040 | 95362040 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 203703547 | 142 | 102980854 | 12 | 80 | 60.68 |

### 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സ ഉ (MS)

17/2018/തസ്വഭവ തിയതി 02.02.18, സ ഉ(കൈ) 157/2019 /തസ്വഭവ തിയതി 05.12.2019 എന്നീനമ്പർ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. തിരൂരങ്ങാടി നഗരസഭയുടെ 2021-22 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നഗരസഭ പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1. നഗരസഭ ആസൂത്രണ സമിതി പ്രവർത്തനക്ഷമമല്ല

നഗരസഭ പുതിയ ഭരണസമിതി നിലവിൽ വന്നതിനാൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണ സമിതി രൂപീകരിച്ചുവെങ്കിലും പദ്ധതി ആസൂത്രണം, നിർവഹണം , വകയിരുത്തൽ എന്നീ അടിസ്ഥാന ചുമതലകൾ നിറവേറ്റുന്നതിന് കാര്യക്ഷമമായ നടപടികൾ ഒന്നും സ്വീകിരച്ചതായി കാണുന്നില്ല

2. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല.

നഗരസഭ ആകെ 16 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 21-22 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആകെ 15.02.21 ന് ഒരു യോഗം മാത്രമാണ് ചേർന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സിൽ ചർച്ചയുടെ വിശദാംശങ്ങളോ നിർദ്ദേശങ്ങളോ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾനസൃതമായി നടപ്പാക്കാവുന്ന പ്രൊജക്റ്റുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല.

വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല.

3.വികസന സെമിനാർ - ലക്ഷ്യം നിറവേറ്റുന്നില്ല.

ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് വികസന സെമിനാർ 18..02.21 തിയ്യതിയിൽ നടക്കുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത ആളുകളുടെ വിശദാംശങ്ങൾ അല്ലാതെ വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്തതിന്റെയോ ആവശ്യമായ നിർദേശങ്ങൾ നൽകിയതിന്റെയോ യാതൊരു വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല.
പദ്ധതി തയ്യാറാക്കുന്നതിൽ ജന പ്രതിനിധികളും, ഉദ്യോഗസ്ഥരും ഒഴികെയുള്ള പൊതു ജനങ്ങളുടെ പങ്കും തയ്യാറാക്കുന്ന പ്രൊജക്റ്റുകളുടെ ആവശ്യകതയും ഉറപ്പുവരുത്തുന്നതിൽ നഗരസഭ വിജയം കൈവരിച്ചില്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. പദ്ധതി രൂപീകരിക്കുന്നതിൽ മാർഗ്ഗരേഖ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 3631703 | 5087822 | 8719525 | 8578702 | 140823 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 840 | 1 |
| കർഷകതൊഴിലാളി വേതനം | 2360000 | 1548 |
| വിധവാ പെൻഷൻ | 28211000 | 17853 |
| വാർദ്ധക്യകാല പെൻഷൻ | 53812800 | 34879 |
| വികലാംഗ പെൻഷൻ | 9845400 | 6244 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 420000 | 14 |
| വിവാഹ ധനസഹായം | 712000 | 448 |

## 1-8 കാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.22 ന് 10 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. കാഷ് അതതു ദിവസം തന്നെ അടവാക്കുന്നതിനാൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

* ഫ്രണ്ട് ഓഫീസ് മുഖേന നഗരസഭയിൽ ലഭിക്കുന്ന തപാലുകൾ പൂർണ്ണമായി വിതണം ചെയ്യിട്ടില്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷനുകൾ കൈപ്പറ്റാത്ത തപാലുകൾ ഉള്ളതായി വ്യക്തമായി. കൂടാതെ പല തപാലുകളും തിയ്യതി രേഖപ്പെടുത്താതെ കൈപ്പറ്റിയതായും കാണുന്നു.
* സെക്രട്ടറി പ്രൊജക്റ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
* തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ,റിട്ടേണുകൾ എന്നിവ കൃത്യമായി എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.(വിശദാംശങ്ങൾ പാര-1-12 ൽ ചേർത്തിട്ടുണ്ട്.)
* തെരുവ് വിളക്ക് രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
*നഗരസഭയുടെയും വിവിധ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പൂർണ്ണമായി വിവരങ്ങൾ ചേർക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി.
*നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പറിംഗിനും നികുതി ചുമത്തുന്നതിനുമായി ലഭിക്കുന്ന അപേക്ഷകൾ ശരിയായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ തൻവർഷം ലഭിച്ച എല്ലാ അപേക്ഷകളിലും തുടർ നടപടി സ്വീകരിച്ചോ എന്നത് ഉറപ്പുവരുത്താനായിട്ടില്ല. അപേക്ഷകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്യിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| എ ജി ഓഡിറ്റ് | 28.12.2018 | 2013-14 To 2017-18 | 08.02.2019 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1). 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (2) (E), (F), (3) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ B-7, RP-27 ഷെഡ്യൂളിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാലൻസ് നിൽക്കുന്ന തുകകൾ ഹെഡ് വൈസ് പ്രത്യേക പേജുകളിലായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിരിക്കേണ്ടതാണ്.

3). ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ 460100400, 460100700 എന്നിവ ഒഴികെയുള്ള B-18, RP-41 ഷെഡ്യൂളിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാലൻസ് നിൽക്കുന്ന തുകകൾ ഹെഡ് വൈസ് പ്രത്യേക പേജുകളിലായി അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിരിക്കേണ്ടതാണ്.

4). വസ്തു നികുതി സംബന്ധിച്ച സഞ്ചയയിൽ നിന്നുള്ള DCB പത്രിക പ്രിന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. നികുതി കളക്ഷൻ പ്രോഗ്രസ്സ് റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്.

5). 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ചില തുകകൾ അംശമായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാ. B-1, B-9 ഷെഡ്യൂളുകൾ).

6). താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| | |
|---|---|
| 1 | Profession Tax – Institutions / Professionals / Traders |
| 2 | Profession Tax – Employees |
| 3 | Fees For Installation Of Machinery |

7). ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ (ലാൻഡ്സ്കേപ്പ്) പ്രകാരം ജനറൽ ഫണ്ട് (310100100) നീക്കിയിരിപ്പ് 24454160 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 113475832 രൂപയാണ്.

8). ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure (310900100) നീക്കിയിരിപ്പ് 95212501.8

രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 6190829/-രൂപയാണ്.

9. B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ബാധ്യത ഹെഡ്ഡിലെ നീക്കിയിരിപ്പുകൾ ക്രമീകരികരിക്കാൻ അവശേഷിക്കുന്നു.

| Head Code | ഇനം | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|---|
| 350200209 | Recoveries Payable-VAT-Muncipal Fund | 12915 |
| 350300400 | VAT Payable | 23662 |
| 350200125 | Audit Recovery | 2352 |

10). ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

11). ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയ വിവരം ലഭ്യമായിട്ടില്ല.

12). കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

13). ഷെഡ്യൂൾ B-4 പ്രകാരം സി എഫ് സി (ടൈഡ് & അൺടൈഡ് ) ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയത് 9526231/- രൂപ . എന്നാൽ ആയത് ഷെഡ്യൂൾ B-17 പ്രകാരം 9735486/- രൂപ. 209255/-രൂപ വ്യത്യാസം.

14). വികസനഫണ്ട് -ജനറൽ എ സി ആർ,വാർഷികകണക്ക്, എന്നിവ പ്രകാരമുള്ള ചെലവ്തുക സുലേഖ സോഫ്റ്റ് വെയർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | എ എഫ് എസ് പ്രകാരം തുക | എ സി ആർ പ്രകാരം തുക | സുലേഖ സോഫ്റ്റ് വെയർ പ്രകാരം തുക |
|---|---|---|---|
| വികസനഫണ്ട് -ജനറൽ | 27753547 | 27753547 | 3066181 |

15). AUEGS ഇനത്തിലെ വാർഷികകണക്ക് പ്രകാരം ചെലവ് 9388559 രൂപയാണ് (ഷെഡ്യൂൾ 1-14). എന്നാൽ ലഭ്യമാക്കിയ രേഖകൾ (കാഷ്ബുക്ക്) പ്രകാരം 8578702/- രൂപയാണ്.

16). സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ടൈഡ്, അൺ ടൈഡ് എന്നിവയുടെ വരവ് AFS ഉം ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

| | AFS വരവ് | ACR വരവ് |
|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്+അൺ ടൈഡ്) | 99054+1287667+19318000+12975445=33680166 | 22975000+14149648=37124648 |

17). Provision For Outstanding Property Tax എന്ന ഹെഡ്ഡിൽ (B21) 3884784/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്രയും വലിയ തുക ഉൾപ്പെടുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

18). 450610300 എന്ന അക്കൗണ്ടിന്റെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

19). നഗരസഭക്ക് ഭവന പദ്ധതികൾക്കായി KURDFC യിൽ നിന്നും ലോണുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ലോൺ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

20). B-4ഷെഡ്യൂളിലെ വിവിധ ഹെഡുകളിൽ (320100100, 320300100, 320809800, 320809900) ബാധ്യതയായി കാണിച്ചിട്ടുള്ള വിവിധ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

21). ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് തൊട്ടടുത്ത മാസം 7ാം തീയ്യതിക്ക് മുമ്പായി ചെയ്യേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം 54)

22). കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം5, 6, 54എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്

എന്നിവ സൂക്ഷിക്കേണ്ടതും ദിനം പ്രതി ക്ലോസ് ചെയ്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

23). 450410300(2019-20 മെയ് മാസം),450410400(2016-17 നവംബർ),450250101(2020-21ഒക്ടോബർ) എന്നീ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തതായി അറിയിച്ചിട്ടുണ്ട് എങ്കിലും ടി അക്കൗണ്ടുകളിൽ വാർഷികധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് ഉണ്ട്. ടി തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത് ഏത് അക്കൌണ്ടിലാണ് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/21-1-23) അപാകതകൾ പരിഹരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ റിട്ടേണുകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1). 2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ ഇപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്.

2). സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിലെ ക്രമപ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

3). 2021-22 വർഷത്തിൽ 3 ഡിമാന്റ് രജിസ്റ്ററുകളിലായാണ് വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ രജിസ്റ്ററുകളിൽ ഒന്നും തന്നെ ഡിമാന്റ് ചെയ്ത സ്ഥാപനങ്ങളുടെ പേര് ഇൻഡക്സ് നമ്പർ നൽകി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഡിമാന്റ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

4). ലഭ്യമാക്കിയ മൂന്ന് ഡിമാന്റ് രജിസ്റ്ററുകളിൽ രണ്ട് എണ്ണത്തിൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി വിവരം വെവ്വേറെ രജിസ്റ്ററിലായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒന്നാം അർദ്ധവർഷത്തിനായി ഉപയോഗിച്ച രജിസ്റ്ററിൽ 69 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രണ്ടാം അർദ്ധവർഷം രേഖപ്പെടുത്തിയ രജിസ്റ്ററിൽ 130 സ്ഥാപനങ്ങളുടെ അടവുവിവരം ചേർത്തിട്ടുണ്ട്. രണ്ട് രജിസ്റ്ററിലും ഒരേ ക്രമത്തിൽ എഴുതാത്തതിനാൽ അടവാക്കാത്ത സ്ഥാപനങ്ങൾ എതെല്ലാമാണെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

5). ലഭ്യമാക്കിയ ഒരു രജിസ്റ്ററിൽ രണ്ട് അർദ്ധവർഷത്തെയും അടവ് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങൾക്കും രണ്ട് അർദ്ധവർഷവും ഒരേ തുക, രശീത് നമ്പർ, തിയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രണ്ട് അർദ്ധ വർഷത്തിലും ഒരേ വിവരം രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. റിട്ടണുകൾ ഡിമാന്റ് രജിസ്റ്ററിലെ ക്രമത്തിൽ നമ്പർ നൽകി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിമാന്റ് രജിസ്റ്ററിലെ വിവരം റിട്ടേണുകളുമായി ചേർത്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6). രജിസ്റ്ററുകളിൽ സ്ഥാപനത്തിന്റെ പേരും ഓരോ സ്ഥാപനവും അടവാക്കിയ ആകെ തുക ആയതിന്റെ രസീതി നമ്പർ, തീയ്യതി എന്നീ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ ജീവനക്കാരുടെയും പേര് അർദ്ധവാർഷിക വരുമാനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റിട്ടണുകൾ ഡിമാന്റ് രജിസ്റ്ററിലെ ക്രമത്തിൽ നമ്പർ നൽകി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിമാന്റ് രജിസ്റ്ററിലെ വിവരം റിട്ടണുകളുമായി ചേർത്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7). ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്ററിലും രേഖപ്പെടുത്തൽ കൃത്യമല്ലാത്തതിനാൽ നികുതി പിരിവിന്റെ വിശദ വിവരം പരിശോധിക്കാനായിട്ടില്ല.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും സമാനമായ അപാകതകൾ പരാമർശിച്ചിട്ടുണ്ട്. എന്നിട്ടും നിലവിലും അപാകതകൾ പരിഹരിക്കാതെ തുടരുകയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/23.01.23) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റിട്ടേണിലെയും രജിസ്റ്ററുകളിലെയും അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെന്നും അടവാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## 1-13 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയത് - അപാകതകൾ.

നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

2). വാടകക്ക് നൽകിയിട്ടുള്ള മുഴുവൻ റൂമുകളുടെയും വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.

3). 3 റൂമുകൾ വാടകക്ക് കൊടുക്കാതെ ഒഴിഞ്ഞ് കിടക്കുന്നുണ്ട് എന്ന് വാടക ഫയൽ നമ്പർ R2 23550/2022/23.12.22-ൽ രേഖപ്പെടുത്തിയിട്ടുണ്ട് (റൂം നമ്പറുകൾ ലഭ്യമല്ല). ഈ റൂമുകൾ പുനർലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. അവ നിലവിൽ ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/23.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 വസ്തുനികുതി-1.19 കോടി രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു

2021-22 ലെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ തൻ വർഷം 5313694 /-രൂപയും കുടിശ്ശിക 6668248/-രൂപയും (ലൈബ്രറി സെസ്സ് ഉൾപ്പെടെ) കൂടി ആകെ 11981942/- രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. ഇത്രയും ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നുള്ളത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ സാരമായി ബാധിക്കുന്ന കാര്യമായതിനാൽ ആയത് അത്യന്തം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. ആയതിനാൽ ടി തുകകൾ കാലഹരണപ്പെട്ട് പോകാതെ, സമയബന്ധിതമായി പിരിച്ചെടുക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20.01.23) വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 സാംഖ്യ രസീത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്ത സാംഖ്യ രസീതുകളാണ് ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കേണ്ടത്. എന്നാൽ നഗരസഭ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതുകൾ സ്റ്റോക്കിലെടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ വിവരം ലഭ്യമാക്കിയിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/23-1-23) 2022-23 മുതൽ സാംഖ്യ രസീത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു.

നഗരസഭയിൽ ഇ പേയ്മെന്റിനു കനറാ ബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-0825201001294) സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 71 ലക്ഷത്തിനു മുകളിൽ 2021-22 സാമ്പത്തിക വർഷത്തിൽ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നത് ഒഴിവാക്കി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/23.1.23) അപാകത പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്. കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.2.2022ലെ ആർ.ഡി.3/94/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നത്. മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നതിന്റെ അടിസ്ഥാനത്തിൽ വേണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് ടവേഴ്സിന്റെ 2 മൊബൈൽ ടവറുകളുടെ നമ്പറിംഗിനായുള്ള അപേക്ഷകൾ പ്രകാരം വസ്തുനികുതി നിർണയിച്ച് നമ്പർ അനുവദിച്ചതിൽ ടവറിന്റെ തറവിസ്തീർണം നികുതി നിർണയത്തിന് പരിഗണിച്ചിട്ടില്ല. ഇൻഡസ് ടവേഴ്സ് മൊബൈൽ ടവറുകളുടെ നമ്പറിങ്ങിനായി നൽകിയ അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ക്രമ നമ്പർ 1. | ക്രമ നമ്പർ 2. |
|---|---|---|
| അപേക്ഷ നമ്പർ | PW2/4744/22തീ 22-2-22 | 10279/21തീ 8-10-21 |
| ഫയൽ നമ്പർ | PW2/14494/2021തീ 25-10-22 | PW2/4163/22 തീ-14-2-2022 |
| പെർമിറ്റ് നമ്പർ | PW2/14494/2021തീ 25-11-21 | PW2/10279/21 തീ 11-10-21 |

<table>
<tr><td>വില്ലേജ്</td><td>തിരൂരങ്ങാടി</td><td colspan="3">തിരൂരങ്ങാടി</td></tr>
<tr><td>ഒക്യുപ്പൻസി അനുവദിച്ച തീയ്യതി</td><td>10-01-2022</td><td colspan="3">14-02-2022</td></tr>
<tr><td>സർവ്വെ നമ്പർ</td><td>188/3-1,188/4-1</td><td colspan="3">328/10A1,328/10A-5,328/10A-7</td></tr>
<tr><td rowspan="2">നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം</td><td>ഷെൽട്ടർ</td><td>ഷെൽട്ടർ</td><td>ഗാഡ് റൂം</td><td>ഒ ഡി ബെഡ്</td></tr>
<tr><td>6.25 ച.മീ.</td><td>49.23+8.48=57.71 ച.മീ.</td><td>8.75ച.മീ.</td><td>12.63 ച.മീ.</td></tr>
<tr><td>അനുവദിച്ച നമ്പർ</td><td>13/47 N</td><td colspan="3">15/234A</td></tr>
</table>

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/23-1-23) അപാകത പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്. വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.

2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18 പ്രകാരം ചുവടെ ചേർത്ത ഹെഡ്ഡുകളിൽ തുകകൾ തുടർച്ചയായ വർഷങ്ങളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്.

| ഹെഡ്ഡ് | ഇനം | തുക | അഭിപ്രായം |
|---|---|---|---|
| 460100500 | Standing Advance | 73478 | 2017-18 മുതൽ തുടരുന്നു. |
| 460109900 | Other Loans&advances To Employees | 31665 | 2017-18 മുതൽ തുടരുന്നു. |
| 460500103 | Advance To Beneficiary Committee Conveners-special Funds | 25000 | 2018-19 മുതൽ തുടരുന്നു. |
| 460500202 | Advance To Implementing Agencies-specific Grants | 1230000 | 2017-18 മുതൽ തുടരുന്നു. |
| 460500301 | Advance To Projects-muncipal Fund. | 1449411 | 2017-18 മുതൽ തുടരുന്നു. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/20-1-23) ഈ തുകകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മുൻകൂർ തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 വാഹന പരിപാലനം-അപാകതകൾ

ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ തിയതി 30.06.2007 ഉത്തരവ് പ്രകാരം നഗരസഭയിലെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ നഗരസഭാ സെക്രട്ടറിയാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയന്റെ ചുമതലയാണ്. 2020 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഉപയോഗക്രമം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

നഗരസഭയിൽ നിലവിലുള്ള വാഹനങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | വാഹനം | ഉപയോഗത്തിന്റെ തരം |
|---|---|---|
| 1 | KL-65 E-4464 | ശുചീകരണം |
| 2 | KL-10 S- 8560 | ഓഫീസ് ഉപയോഗം |
| 3 | KL-65 J 3896 | ഓഫീസ് ഉപയോഗം |
| 4 | KL65 K3451 | ഓഫീസ് ഉപയോഗം |

വാഹനങ്ങളുടെ ഫയലുകൾ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് ചട്ടം 4 ൽ പ്രതിപാദിക്കുന്ന താഴെ പറയുന്ന രജിസ്റ്ററുകൾ അതാത് മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

I. റിപ്പയർ രജിസ്റ്റർ (അനുബന്ധം Iii) മാതൃകയിൽ തയ്യാറാക്കിയിട്ടില്ല.

Ii. സ്പെയർ പാർട്ടുകളുടെ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം Iii) മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

Iii. ഇന്ധന ഓയിൽ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം V) മാതൃകയിൽ പരിപാലിച്ചിട്ടില്ല.

IV. പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക് തയ്യാറാക്കിയിട്ടില്ല.

V. ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2). ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ്

ചട്ടം 8 (1) പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തുന്നില്ല എന്ന് കാണുന്നു.

3). വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ

ചട്ടം 10 (1 ) പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കാലാകാലങ്ങളിൽ ഉള്ള അറ്റകുറ്റപണികളുടെ ചുമതല ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ചട്ടം 4 പ്രകാരം പതിനായിരം രൂപക്കു മേൽ ചെലവു വരുന്ന അറ്റകുറ്റപണികൾ ഭരണ സമിതിയുടെ അംഗീകാരത്തോടു കൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ മിക്കപ്പോഴും വീഴ്ച വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനം | വൌച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | KL-65K-3451 | 22100185/12.7.21 | 24,146 |
| 2 | KL-10-S 8560 | 22100198/17.7.21 | 11,000 |
| 3 | KL-65J-3896 | 22100557/16.11.21 | 12,100 |
| 4 | KL-65-E4464 | 22100694/29.01.22 | 25,180 |

4). 17 വർഷം പഴക്കമുള്ള നഗരസഭയുടെ KL-10 S 8560 നമ്പർ വാഹനം ഉപയോഗിക്കാതെ കട്ടപ്പുറത്താണ്. പ്രസ്തുത വാഹനം 10.9.2021 ലെ 19ാം നമ്പർ തീരുമാനപ്രകാരം കണ്ടം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കണ്ടം ചെയ്തിട്ടില്ല.

5). നഗരസഭയുടെ ഔദ്യോഗിക വാഹനമായ KL-65K-3451 26.5.21,4.6.21 എന്നീ തിയതികളിൽ ഓവർസ്പീഡിൽ ഓടിച്ചതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് സെക്ഷൻ 189 (1) പ്രകാരം 1500 രൂപ ഫൈൻ ചുമത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഫൈൻ അടച്ചിട്ടില്ല. ഫൈൻ ഒടുക്കി തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും അല്ലാത്ത പക്ഷം 1988 ലെ മോട്ടോർ വാഹന നിയമം വകുപ്പ് 19, 53, 54 & 55 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/21-22/23.1.2023 ക്ക് നൽകിയ മറുപടിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണ് എന്നും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നതാണെന്നും മോട്ടോർ വാഹന വകുപ്പ് ചുമത്തിയ പിഴ ഒടുക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 സ്വച്ഛ ഭാരത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ൽ ആരംഭിച്ച് ഇപ്പോഴും തുടർന്ന് വരുന്ന സ്വച്ഛ ഭാരത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം നഗരസഭയിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് 30.1,2021 ന് /112/ഡി.എസ്.എം./2021 പ്രകാരം ജില്ലാ ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി.യുമായി 15.02.2021 ൽ ധാരണാപത്രം ഒപ്പ് വെച്ചിട്ടുമുണ്ട്. ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ഐ.ആർടി.സിക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | സ്വച്ഛ ഭാരത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ(89/22) | |
| അടങ്കൽ | 51,30,000 | |
| ഫണ്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10,32,750 | 207/22.2.22 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 7,76,250 | 553703/ 8.10.21 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2,16,000 | 947491/30.6.21 |
| തനത് ഫണ്ട് | 33750 | 709826/10.1.22 |
| ആകെ | 2058750 | |

ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ബയോഗ്യാസ് പ്ലാന്റ് ഐ.ആർടി.സി ലഭ്യമാക്കിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | ഇനം | തുക |
|---|---|---|
| B2B098/28.9.21 | 18 ബയോഗ്യാസ് പ്ലാന്റ് 1M3 | 243000 |
| B2B112/30.10.21 | 18 ബയോഗ്യാസ് പ്ലാന്റ് 1M3 | 243000 |
| B2B128/27.1121. | 15 ബയോഗ്യാസ് പ്ലാന്റ് 1M3 | 202500 |
| B2B151/18.12.21 | 18 ബയോഗ്യാസ് പ്ലാന്റ് 1M3 | 243000 |
| B2B151/20.12.21 | 18 ബയോഗ്യാസ് പ്ലാന്റ് 1M3 | 243000 |
| B2B244/24.2.22 | 18 ബയോഗ്യാസ് പ്ലാന്റ് 1M3 | 243000 |
| B2B44/31.3.22 | 18 ബയോഗ്യാസ് പ്ലാന്റ് 1M3 | 243000 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തിയതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര, ദ്രാവക മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്. എന്നാൽ അടങ്കൽ 51,30,000 രൂപയുള്ള ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയത് ജില്ലാ ശുചിത്വ മിഷനാണ്. സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/21-22 /19.1.23 ന് നൽകിയ മറുപടിയിൽ ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ചിട്ടില്ലെന്നും സ്വച്ഛ ഭാരത് മിഷൻ ഫണ്ട് ശുചിത്വ മിഷൻ മുഖേന നൽകുകയാണ് ചെയ്തത് എന്ന് അറിയിച്ചു. ആയതിനാൽ മേൽ പദ്ധതിയിൽ ശുചിത്വ മിഷൻ പ്ലാൻ ഫണ്ട് ഉപയോഗിച്ചിട്ടില്ല എന്ന ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2). സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 തിയതി.24.7.2019 പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 1000

രൂപക്ക് 1 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം 51,30,000 രൂപ അടങ്കലുള്ള ഈ പദ്ധതിക്കായി 51,30,000x.001=5130 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതായിരുന്നു. എന്നാൽ 200 രൂപയുടെ മുദ്രപത്രത്തിലാണ് കരാർ (കരാർ നമ്പർ.38507/15.2.2021) തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നമ്പർ 6/21-22 /19.1.23 ന് നൽകിയ മറുപടിയിൽ ബാക്കി തുകക്കുള്ള മുദ്രപത്രത്തിനായി ഐ.ആർടി.സിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.

3). ഓഡിറ്റ് വർഷത്തിൽ ലഭ്യമായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ സ്ഥാപനം നൽകിയിട്ടില്ല. കരാർ വ്യവസ്ഥ 3 പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ നഗരസഭ നിർദ്ദശിക്കുന്ന സ്ഥലത്ത് ഓർഡർ നൽകുന്ന മുറക്ക് ഗുണഭോക്താക്കളുടെ മേൽനോട്ടത്തിൽ അതാതു വീടുകളിൽ എത്തിക്കേണ്ടതും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി നൽകേണ്ടതും ഐ.ആർടി.സി യുടെ ചുമതലയാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 6/21-22/19.1.23 ന് നൽകിയ മറുപടിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി ഐ.ആർടി.സിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.

4). ബയോഗ്യാസ് പ്ലാന്റ് ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ ആർക്കെല്ലാമാണ് പ്ലാന്റുകൾ ലഭ്യമാക്കിയിട്ടുള്ളത് എന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

7). ഐ.ആർടി.സി യുടെ മേൽപ്പറഞ്ഞ ഇൻവോയ്സുകളിൽ താഴെ കൊടുത്തവ ടാക്സ് ഇൻവേയ്സ് അല്ല. എന്നിട്ടും തുക അനുവദിച്ചിട്ടുണ്ട്. ഈ ബില്ലുകളിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തിട്ടുമുണ്ട്.

| ക്രമ നമ്പർ | ഇനം | പ്രൊഫോർമ ഇൻവേയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | ബയോഗ്യാസ് പ്ലാന്റ് 0.5 M3 (9 എണ്ണം) | IRTC-PMU/1171/19/20.03.20 | 94500 |
| 2 | ബയോഗ്യാസ് പ്ലാന്റ്1m3(33 എണ്ണം) | IRTC-PMU/1171 -A/19/20.03.20 | 445500 |
| 3 | ബയോഗ്യാസ് പ്ലാന്റ്1m3(31എണ്ണം)) | IRTC-PMU/1171/19/20.03.20 | 418500 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/21-22/19.1.23 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. ഐ.ആർ.ടി.സിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും മേൽ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-21 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

ജി.ഒ.എം.എസ് 92/2019/ത.സ്വ.ഭ.വ തിയതി 16.07.2019 പ്രകാരം സ്വന്തമായി/കുടുംബങ്ങളുടെ പേരിൽ ഭൂമി ഇല്ലാത്തവർ, പരമ്പരാഗതമായി ഭൂമി കൈമാറികിട്ടാൻ സാധ്യതയില്ലാത്തവർ എന്നിവർക്ക് ഭൂമി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ (57/22) എന്ന പദ്ധതിക്കായി 450000 (വികസന ഫണ്ട്- എസ്.സി.പി) രൂപ ചെലവഴിച്ച് ഭൂരഹിത-ഭവനരഹിത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് . വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | സ്ഥലം നൽകിയ വ്യക്തി | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| ശ്രീ.പ്രബീഷ്.കെ.കരിപറമ്പ | ശ്രീ.ഹംസ പാലപ്പുറ.S/O.മുഹമ്മദ്കുട്ടി. A/c No.0825104070166 | 4,50,000 | 211506470 02401387730 /19.3.22 |
| | ആകെ | 4,50,000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1). ആധാരം നമ്പർ 6677/1/22/14.3.2022 പ്രകാരം പ്രസ്തുത 5 സെന്റ് സ്ഥലം തിരൂരങ്ങാടി വില്ലേജ് റീസർവ്വേ നമ്പർ 343/5/195/1 സ്ഥിര പുഞ്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത സ്ഥലം കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ല. സർക്കുലർ നമ്പർ REV.Pl/248

/2019-REV തീയ്യതി.17.2.2020 പ്രകാരം 2008 ലെ കേരള തണ്ണീർ തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം സ്ഥിര പുഞ്ച (നെൽ വയൽ) വാങ്ങുന്നവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/പരിവർത്തനത്തിന് അനുമതി നൽകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലറിന്റെ വെളിച്ചത്തിൽ, മേൽ ഭൂമി ഡാറ്റ ബാങ്കിൽ ഉൾപെട്ടതാണെങ്കിൽ ഗുണഭോക്താവിന് പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭ്യമാകില്ല എന്ന് വ്യക്തമാണ്. ആയതിനാൽ മേൽ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണോയെന്ന് വ്യക്തമാക്കേണ്ടതും, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെങ്കിൽ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതുമാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/21-22/19.1.23 ന് മറുപടി നൽകിയിട്ടില്ല. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെന്ന സാക്ഷ്യ പത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 4,50,000 രൂപ തടസ്സം ചെയ്യുന്നു. പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെങ്കിൽ പട്ടികജാതി വിഭാഗക്കാർക്ക് വീടുനിർമ്മാണത്തിനായി സ്ഥിര പുഞ്ച (നെൽ വയൽ) വാങ്ങി നൽകിയത് ക്രമപ്രകാരമല്ലാത്തതിനാൽ പ്രസ്തുത തുക അവശ്യം വേണ്ട പരിശോധനകളില്ലാതെ സ്ഥിര പുഞ്ച വാങ്ങുന്നതിന് പണം അനുവദിച്ചു നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2). സർക്കുലർ നമ്പർ ഡി.ബി1/304/2019 ത.സ്വ.ഭ.വ തിയതി 26.9.2019 പ്രകാരം നഗരസഭയിൽ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനു അനുവദിക്കാവുന്ന പരമാവധി തുക 300000 രൂപയാണ് എന്നാൽ നഗരസഭ 450000 രൂപ അനുവദിച്ചതായി കാണുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 8/21-22/19.1.23 ന് മറുപടിയിൽ പട്ടികജാതി വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 450000 രൂപ അനുവദിക്കുന്നുണ്ട് എന്ന് അറിയിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഉത്തരവിനു വിരുദ്ധമായി 1,50,000 രൂപ അധികം അനുവദിച്ചതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. അനുമതി ലഭ്യമല്ലാത്ത പക്ഷം അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്.

## 1-22 ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ പൂർത്തീകരണ വിവരം ലഭ്യമല്ല.

നഗരസഭയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കലിനായി കേരളാ സംസ്ഥാന വൈദ്യുതി ബോർഡിൽ താഴെ പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട് .വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | വൗച്ചർ നമ്പർ | അഭിപ്രായം |
|---|---|---|---|---|
| ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ (പ്രോജക്ട് നമ്പർ 224/22 ) | KSEB | 147988 (തനത് ഫണ്ട്) | 22100617/16.12.21 | KSEB ക്ക് തുക കൈമാറിയിട്ടുണ്ടങ്കിലും പൂർത്തീകരണ വിവരം ലഭ്യമല്ല. |
| | | 425926 (തനത് ഫണ്ട്) | 22100737/7.2.22 | |
| | ആകെ | 573914 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/21-22/20.1.2023 ന് നൽകിയ മറുപടിയിൽ പൂർത്തീകരണ സാക്ഷ്യ പത്രത്തിനായി KSEB ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 നിക്ഷേപപ്രവർത്തികൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നിക്ഷേപിക്കുമ്പോൾ കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക നൽകാവൂവെന്നും തുകയുടെ ഉപയോഗവും നിർവ്വഹണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മോണിറ്ററിങ് നടത്തേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2021-22 ൽ നഗരസഭ താഴെ കൊടുത്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി തുക നിക്ഷേപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു

| പ്രോജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | വൗച്ചർ നമ്പർ | അഭിപ്രായം |
|---|---|---|---|---|
| ജലസമൃദ്ധി (പ്രോജക്ട് നമ്പർ 262/22 ) | KWA | 50,000,00 (തനത്ഫണ്ട്) | 42100151/31.3.22 | KWA ക്ക് തുക കൈമാറി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല. പ്രവർത്തി സംബന്ധിച്ച് നഗരസഭ KWA യുമായി കരാർ ഒപ്പുവച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| KWA ലൈൻ അഭിവൃദ്ധിപ്പെടുത്തൽ (പ്രോജക്ട് നമ്പർ 116/22 ) | KWA | 3400000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 42100152/28.12.21 | KWA ക്ക് തുക കൈമാറി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരം ലഭ്യമല്ല. |
| | | 31,00,000 ധനകാര്യ കമ്മീഷൻ അവാർഡ്) | 42100153/6.1.22 | |
| | | 472000 ധനകാര്യ കമ്മീഷൻ അവാർഡ്) | 42100154/23.3.22 | |
| | | 1523430 ധനകാര്യ കമ്മീഷൻ അവാർഡ്) | 42100155/30.3.22 | |
| സ്ലീറ്റ് മെയിൻ വലിക്കൽ (പ്രോജക്ട് നമ്പർ 13/22 ) | KSEB | 314094 വികസന ഫണ്ട് | 21150647002 400481885/5.10.21 | KSEB ക്ക് തുക കൈമാറി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരം ലഭ്യമല്ല. |
| | | 165592 (തനത് ഫണ്ട്) | 2100858/18.3.22 | |
| | | 227917 (തനത് ഫണ്ട്) | 2100894/28.3.22 | |
| | | 52996 (തനത് ഫണ്ട്) | 2100481/13.10.21 | |
| | ആകെ | 14256029 | | |

ഓഡിറ്റ് എൻക്വയറി നമ്പർ 7/21-22/19.1.2023 ന് നൽകിയ മറുപടിയിൽ പൂർത്തീകരണ സാക്ഷ്യപത്രത്തിനായി KSEB ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ-സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല.

"ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ" എന്ന പദ്ധതി മുഖേന നഗരസഭയിലെ കിഡ്നി രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനായി 20 രോഗികൾക്ക് 10,000 രൂപ വീതം അവരുടെ അക്കൗണ്ടുകളിലേക്ക് ധന സഹായം നൽകിയിട്ടുണ്ട് . വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ (നമ്പർ. :192/22) |
| നിർവ്വഹണം. | സെക്രട്ടറി |

| | |
|---|---|
| ആകെ ചെലവ് | 2,00,000 രൂപ |
| വൗച്ചർ നമ്പർ | 22100767/22.2.22 |
| ഫണ്ട് | തനത് ഫണ്ട് |

ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 01.01.2021ലെ ഡിഎ1/321/2020/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം രോഗികൾ ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് കൈമാറേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ആഴ്ചയിൽ 1000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ നഗരസഭയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് സെക്രട്ടറിയാണ്. ഗുണഭോക്താക്കൾക്ക് നേരിട്ട് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/21-22/19.1.2023 ന് നൽകിയ മറുപടിയിൽ തുടർ വർഷങ്ങളിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല.

നഗരസഭ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് (157/22) പ്രകാരം 157 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് (25/30W LED Street Light) ടെണ്ടർ മുഖേന തെരെഞ്ഞെടുത്ത സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് 500000 രൂപ നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർSIBUA/21-22/Ur/21.3.22). കൂടാതെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് (119/22) പദ്ധതിക്കായി ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ഇതേ സ്ഥാപനത്തിന് പ്രവൃത്തി പൂർത്തീകരിച്ചതിന് 580800 രൂപയും നൽകിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ SIBUA/21-22/Ur/1.1.22). നിർവ്വഹണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | നിർവ്വഹണം | വിനിയോഗിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|---|
| LED സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ(157/22) | സെക്രട്ടറി | 500000 | 22100800/23.3.22 |
| തെരുവ് വിളക്കുകളുടെ മെയിന്റനൻസ്(119/22 | സെക്രട്ടറി | 580800 | 22100702/2.2.22 |

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച് പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ നഗരസഭ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.

2. തെരുവ് വിളക്കുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല.

3. 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവർത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല.

4) ഗവ.ഉത്തരവ് നം.ജി2-44274/2015 തി.17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ ആതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

5) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്ടുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്. ഏതെല്ലാം വാർഡിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തിയെന്നതിന്റെ വിവരം (പോസ്റ്റ് നം. ഉൾപ്പെടെ) ലഭ്യമല്ല. വാർഡ് കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/21-22/19.1.23 ന് മറുപടിയിൽ കെ എസ് ഇ ബിയുമായി ചേർന്ന് തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തുന്നതിനായി പരിശോധന നടത്താനായി ജീവനക്കാരനെ നിയമിച്ചതായി അറിയിച്ചു. പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-26 റിംഗ് കംമ്പോസ്റ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി റിംഗ് കംമ്പോസ്റ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം നഗരസഭയിൽ റിംഗ് കംമ്പോസ്റ്റ് സ്ഥാപിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് 9.3.2022 ന് /355/ഡി.എസ്.എം./2022 പ്രകാരം ജില്ലാ ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും ഐ.ആർടിസിയുമായി 10.03.2021 ൽ ധാരണാപത്രം ഒപ്പ് വെച്ചിട്ടുമുണ്ട്. ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ഐ.ആർടി.സിക്ക് തുക നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | റിംഗ് കംമ്പോസ്റ്റ് സ്ഥാപിക്കൽ(190/22) | |
| അടങ്കൽ | 25,00,000 | |
| ഫണ്ട് | ചെലവഴിച്ച തുക | ബിൽ നമ്പർചെക്ക് നമ്പർ |
| ധനകാര്യ കമ്മീഷൻ അവാർഡ് | 500000 | 261/19.3.22 |
| ആകെ | 500000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തിയതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര, ദ്രാവക മാലിന്യസംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്.എന്നാൽ അടങ്കൽ 2500000 രൂപയുള്ള ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയത് ജില്ലാ ശുചിത്വ മിഷനാണ്. സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 തിയതി.24.7.2019 പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 1000 രൂപക്ക് 1 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി 200 രൂപയുടെ മുദ്രപത്രത്തിലാണ് കരാർ തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ 2500000x0.001=2500 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരുന്നു കരാർ ചമക്കേണ്ടിയിരുന്നത്).

3. ഐ.ആർടി.സിയും നഗരസഭയും 10.03.2021 ന് ഒപ്പ് വെച്ച കരാർ വ്യവസ്ഥ 6 പ്രകാരം 3 മാസത്തിനുള്ളിൽ ഐ.ആർ.ടി.സി പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതു വരെ ഐ.ആർ.ടി.സി റിംഗ് കംമ്പോസ്റ്റ് നഗരസഭയിൽ എത്തിച്ചതായുള്ള ഇൻവോയ്സ് ലഭ്യമല്ല.

4. ഓഡിറ്റ് വർഷത്തിൽ ലഭ്യമായ റിംഗ് കംമ്പോസ്റ്റ് സ്ഥാപിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ സ്ഥാപനം നൽകിയിട്ടില്ല. ഐ.ആർടി.സി എത്ര റിംഗ് കംമ്പോസ്റ്റ് നഗരസഭയുടെ വിവിധ വാർഡുകളിൽ സ്ഥാപിച്ചതിന്റെ ലിസ്റ്റ് ഹാജരാക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്തിട്ടില്ല.

5. റിംഗ് കംമ്പോസ്റ്റ് ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിട്ടുള്ളത് എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. യൂണിറ്റ് കോസ്റ്റിന്റെ 10%, 250 രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/21-22/19.1.23 ന് നൽകിയ മറുപടിയിൽ ശുചിത്വ മിഷൻ പ്ലാൻ ഫണ്ട് ഉപയോഗിച്ചില്ലെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതിനായി ഐ.ആർടി.സിക്ക് കത്ത് നൽകിയതായും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-27 വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതണം അപാകതകൾ.

ഫയൽനമ്പർ : G-64065/21

നഗരസഭയിൽ കുടിവെള്ളം ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കേരളാ ജല അതോറിട്ടിയിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ച്, 5.7.2021 ലെ 4 ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം ശ്രീ. ജിനീഷ്.കെ എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും 1000 ലിറ്ററിന് 489രൂപ നിരക്കിൽ 1948000 ലിറ്റർ വെള്ളം വിതരണം ചെയ്തതിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| തുക | വൗച്ചർ നമ്പർ | ഫണ്ട് | വിതരണം ചെയ്ത തിയതി |
|---|---|---|---|
| 9,52,572 | 22100185/12.07.21 | തനത് ഫണ്ട് | 01.04.21 മുതൽ 31.5.21വരെ |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1). സർക്കാർ ഉത്തരവ് (സാധാ) നമ്പർ 444//2021/ത.സ്വ.ഭ.വ തിയതി.15.02.2021 ഖണ്ഡിക 2 പ്രകാരം വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടത് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തി വിതരണം ചെയ്യേണ്ടതാണ് എന്നും ഖണ്ഡിക 3ൽ ജില്ലാതല റവന്യൂ അധികാരികൾക്ക് മോണിറ്ററിങ്ങ് നടത്തുന്നതിനായി ജി.പി.എസ് ട്രാക്കിംങ് സംവിധാനവും ലഭ്യമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ കുടിവെള്ള വിതരണം നടത്തിയത് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിലാണ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കരാറുകാരൻ തയ്യാറാക്കിയ വിതരണ സ്റ്റേറ്റ്മെന്റ് ട്രിപ്പ് ഷീറ്റ് എന്നിവ മാത്രമാണ് ലഭ്യമാക്കിയത്.

2). 1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 C പ്രകാരമുള്ള 1% ഇൻകം ടാക്സ് 9,52,572 X 1% =9525 രൂപ ഈടാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21-22/20.1.2023 ന് നൽകിയ മറുപടിയിൽ ഇൻകം ടാക്സ് ഈടാക്കുന്നതിനും ജി.പി.എസ് ലോഗ് ഹാജരാക്കുന്നതിനും കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ജി.പി.എസ് ലോഗ് ഹാജരാക്കേണ്ടതും ഇൻകം ടാക്സ് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-28 ഹരിത കർമ്മസേന.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

നഗരസഭയിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം 2018 ആണ് ആരംഭിച്ചത്. 39 വാർഡുകൾ ഉള്ള നഗരസഭയിൽ നിലവിൽ 18 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ഗ്രീൻ കെയർ ഇക്കോ സെല്യൂഷന് നൽകുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. ഓഡിറ്റ് വർഷം ഈയിനത്തിൽ 19421 രൂപ വരവുണ്ട്. കൂടാതെ അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗ്രീൻ കെയർ ഇക്കോ സെല്യൂഷന് ഒരു കിലോഗ്രാമിന് 5.05 രൂപ നിരക്കിൽ 71980 Kg ന് 3,63,499 രൂപ നൽകിയിട്ടുണ്ട്.

പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. 2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് 96/22 ഹരിതകർമ്മസേന - വി.ജി.എഫ് എന്ന പദ്ധതി പ്രകാരം 4,01,871 (42319 വികസന ഫണ്ട് ,192768 കേന്ദ്രാവിഷ്കൃത ഫണ്ട്,166784 സംസ്ഥാനാവിഷ്കൃത ഫണ്ട്) രൂപ ഗ്യാപ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ഗ്യാപ് ഫണ്ട് അനുവദിക്കുന്നില്ല എന്നും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സ്വയം കണ്ടെത്തുന്നുണ്ട് എന്നും കൺസോർഷ്യം പ്രസിഡണ്ട് അറിയിച്ചു.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് 37ാം വാർഡിലെ നെഞ്ചാലി, 16ാം വാർഡിലെ വെന്നിയൂർ എന്നീ സ്വന്തം കെട്ടിടങ്ങളിലും വാടകക്ക് എടുത്ത കരീപറമ്പയിലുള്ള കെട്ടിടത്തിലുമാണ്. കൂടുതൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി എം.സി.എഫ് വിപുലപ്പെടത്തേണ്ടതുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 0825101080990 നമ്പരിൽ കനറാ ബാങ്ക് ചെമ്മാട് ശാഖയിൽ അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.3.2021 ന് 123863 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക്

ഹാജരാക്കിയിട്ടില്ല.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2021-22വർഷത്തെ മിനുട്സ് ബുക്ക് പരിശധിച്ചതിൽ എല്ലാ മാസങ്ങളിലും യോഗങ്ങൾ ചേർന്നിട്ടുണ്ട് ഈ സാമ്പത്തീക വർഷം 16 യോഗങ്ങൾ ചേർന്നിട്ടുണ്ട് മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ഗ്രീൻ കെയർ എക്കോ സെല്യൂഷനിൽ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്. ഇക്കാര്യം നഗരസഭ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്.

## 1-29 മുൻകൂർ തുകനൽകി-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് നം | 15/22 |
| ഫണ്ട്/അടങ്കൽ | നോൺ റോഡ്/300000 |
| ചെലവ്/ ബിൽ നമ്പർ | BRN2150647005100337982/24-8-21 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം - മരുന്ന് വാങ്ങുന്നതിന് ഹോംകോക്ക് 300000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 153372/- രൂപയുടെ മരുന്നുകൾ മാത്രമാണ് 19/01/2023തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. 146628/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രു.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Pf 331/26-7-21 | 300000 | Lf408/23.07.2022 | 84336 |
| | | | Lf2558/2.03.2022 | 69036 |
| ആകെ | | 300000 | ആകെ | 153372 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/20.01.2023 ) അവശേഷിക്കുന്ന 146628/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 ആശ്രയ പദ്ധതി.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി.12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

10.6.2015 ആണ് അഗതിരഹിത കേരളം പദ്ധതി നഗരസഭയിൽ ആരംഭിച്ചത്.

2021-22 സാമ്പത്തിക വർഷത്തിൽ അഗതിരഹിത കേരളം പദ്ധതിക്ക് ചലഞ്ച്ഫണ്ട് ലഭ്യമായിട്ടില്ല.

അഗതി രഹിത കേരളം പദ്ധതിക്കായി ചെമ്മാട് കേരളാ ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 40275101060656) മേൽ അക്കൗണ്ടിൽ 31-3-2022 ന് ആകെ 3077359.40 രൂപ ബാലൻസ് ഉണ്ട്. 47 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 2021-22 വർഷത്തിൽ ഭക്ഷണകിറ്റ് നൽകുന്നതിനായി 3,19,900 രൂപ ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ വീട് റിപ്പയറിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിൽ വികസന ഫണ്ടിൽ നിന്നും 1,00,000 രൂപയും വീട് നിർമ്മാണത്തിനായി 2,40,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 അഗതിരഹിതകേരളം പദ്ധതി അവസാനിച്ച സന്ദർഭത്തിൽ മാർഗരേഖയിൽ പരാമർശിച്ച എല്ലാ സേവനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയില്ല.

2 അയൽക്കൂട്ടങ്ങൾ അഗതി മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3 ഭവനറിപ്പയർ രജിസ്റ്റർ എല്ലാ വിവരങ്ങളും ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അഗതി രഹിത കേരളം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-31 ഗ്രോബാഗ് വിതരണം- രസീതുബുക്ക് ഉപയോഗത്തിലെ അപാകതകൾ.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രോബാഗ് വിതരണം (38/22) എന്ന പദ്ധതി നടപ്പിലാക്കുന്നതിന വേണ്ടി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനവേണ്ടി (ആകെ 229000 /- രൂപ) രസീത് ബുക്ക് ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതുബുക്ക് നമ്പർ | ആകെ പിരിച്ചെടുത്ത തുക /തിയതി | തുക അടവാക്കിയിതിന്റെ വിവരം |
|---|---|---|
| 267/26601-26700 | 50000/23.02.22 | 167000/-25.02.22 /121400116120<br>62000/-<br>02.03.22/121400116609 |
| 268/26701-26800 | 50000/24.02.22 | |
| 269/26801-26900 | 50000/25.02.22 | |
| 270/26901-27000 | 50000 (26901 മുതൽ 26936 വരെയുള്ള രശീതുകളിൽ 25.02.22 എന്ന തിയതി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള രശീതുകളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. | |
| കലക്ഷൻ രജിസ്റ്റർ പ്രകാരം 27001-27058 വരെയുള്ള രശീതുകൾ ഉപയോഗിച്ച് തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. രസീതുബുക്ക് ഹാജരാക്കിയിട്ടില്ല. | 29000<br>(27001-27058 ആകെ 58x500) | |

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീതു ബുക്ക് നമ്പർ 267 പ്രകാരം പിരിച്ചെടുത്ത തുക തൊട്ട് അടുത്ത ദിവസം നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടില്ല. 267, 268, 269, 270 (25.02.22എന്ന തിയതി രേഖപ്പെടുത്തിയ രശീതി 26901 മുതൽ26936 വരെ) ആകെ 168000/- രൂപ പിരിച്ചെടുത്തുണ്ട്. എന്നാൽ 25.02.22 ന് നഗരസഭയിൽ അടവാക്കിയത് 167000/- രൂപയാണ്. തിയതി രേഖപ്പെടുത്താതെ പിരിച്ചെടുത്തത് 61000/- രൂപ, എന്നാൽ 02.03.22 ന് അടവാക്കിയത് 62000/- രൂപ.
2. രസീത് ബുക്ക് 270 ൽ മുഴുവനായും തിയതി രേഖപ്പെടുത്താത്തതിനാൽ പിരിച്ചെടുത്ത തുക മുനിസിപ്പാലിറ്റിയിൽ ഒടുക്കുവരുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തീയ്യതി രേഖപ്പെടുത്താതെ രസീതി നൽകിയത് ക്രമപ്രകാരമല്ല.

കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരം ഗവൺമെന്റിന വേണ്ടി പണം സ്വീകരിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഒടുക്കു വരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃഷി ഓഫീസർ ഈ ചട്ടം പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് കാണുന്നു.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/19.01.23) തുക കണക്കുകൂട്ടിയതിൽ വന്ന പിഴവു മൂലമാണ് തുക അടവാക്കുന്നതിൽ വ്യത്യാസം വന്നതെന്നും അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. രസീതു ബുക്ക് ഉപയോഗത്തിലും പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നതിലും മതിയായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-32 കൃഷി ഭവനിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-പ്രിന്റർ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് | കൃഷിഭവൻ ഓഫീസ് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ(254/22) |
| അടങ്കൽ | 100000/-(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 11/21-22/ 05.03.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന വേണ്ടി കമ്പ്യൂട്ടറും, യു പി എസ്, പ്രന്റർ മറ്റ്

അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ആയതിൽ പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല. (തുക-20018/- പ്രൊഫോമ ഇൻവോയ്സ് നമ്പർ-TVM/ITBG/PI/RC/35475/20-21/22.02.22).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (13/19.01.23) ക്ക് പുതിയ റേറ്റ് കോൺട്രാക്റ്റ് നിലവിൽ വന്നതിനാൽ മുൻകൂർ തുക അപര്യാപ്തമായതിനാലാണ് പ്രിന്റർ ലഭ്യമാകാത്തത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്. പ്രിന്റർ ലഭ്യമാകുന്നത് വരെ ചെലവ് തുക (20018/- രൂപ ) തടസ്സം ചെയ്യുന്നു.

## 1-33 പി.എം.എ വൈ ഭവനപദ്ധതി - അപാകതകൾ.

പി.എം.എ.വൈ ഭവനപദ്ധതിയിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ബിൽ നമ്പർ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 201150647002400427070/20.9.21 | 40,80,000 | 30 |
| 201150647002400467192/30.9.21 | 10,75,000 | 11 |
| 201150647002400469495/30.9.21 | 8,10,000 | 20 |
| ആകെ | 59,65,000 | 61 |

പി.എം.എ.വൈ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ (എം.എസ്)22/2018 /തസ്വഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ നം.എൽ.എഫ് 2/511/2017 തീ.25.04.2018 പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. നഗരസഭയിൽ ഇതനുസരിച്ച് പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന, DPR 2 ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ ചമച്ച തിയതി | ആകെ കൈപ്പറ്റിയ തുക | DPR |
|---|---|---|---|---|
| 1 | ശ്രീമതി.സക്കീന.കെ | 1.6.18 | 225000 | DPR2/87 |
| 2 | ശ്രീ.കൃഷ്ണൻ പന്തലൊടി | 1.6.18 | 25000 | DPR2/88 |
| 3 | ശ്രീമതി.ഷാക്കിറ ടി | 1.6.18 | 2,85,000 | DPR2/91 |
| 4 | ശ്രീ.ഹാഷിം ജാഫ്റി | 6.7.18 | 225000 | DPR2/103 |
| 5 | ശ്രീമതി.ജമീല ഭഗവതികാവുങ്ങൽ | 6.7.18 | 285000 | DPR2/105 |
| 6 | ശ്രീമതി.നുസൈബ | 11.9.18 | 290000 | DPR2/111 |
| 7 | ശ്രീമതി.സുബൈദ | 11.9.18 | 290000 | DPR2/113 |
| 8 | ശ്രീമതി.ഹാജിറ.ടി.കെ | 11.9.18 | 290000 | DPR2/115 |
| 9 | ശ്രീ.മൻസൂർ | 11.9.18 | 260000 | DPR2/116 |

| | | | | |
|---|---|---|---|---|
| 10 | ശ്രീമതി. ആരിഫ | 11.9.18 | 260000 | DPR2/117 |
| 11 | ശ്രീമതി.റാബിയ കൊടപ്പന | 11.9.18 | 30,000 | DPR2/118 |
| 12 | ശ്രീ,കബീർ തണപ്പൻ | 11.9.18 | 290000 | DPR2/119 |
| 13 | ശ്രീ,സിദ്ധീക്ക്.കെ | 11.9.18 | 290000 | DPR2/121 |
| 14 | ശ്രീമതി. സീനത്ത് | 11.9.18 | 230000 | DPR2/123 |
| 15 | ശ്രീമതി. ഉമ്മുഹബീബ | 14.11.22 | 285000 | DPR2/127 |
| 16 | ശ്രീമതി.ആരിഫ ലുമ്പിൽ | 14.11.22 | 285000 | DPR2/128 |
| 17 | ശ്രീമതി.സൈനബ | 14.11.22 | 200000 | DPR2/129 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/21-22/23.1.23 ന് നൽകിയ മറുപടിയിൽ ശ്രീ.കൃഷ്ണൻ പന്തലൊടി, ശ്രീമതി.റാബിയ കൊടപ്പന എന്നിവർക്ക് തുക തിരികെ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ക്രമ നമ്പർ 1, 3, 4, 7 എന്നീ ഗുണഭോക്താക്കൾക്ക് 4 ാം ഗഡു 2022-23 ൽ നൽകിയെന്നും ബാക്കിയുള്ള ക്രമ നമ്പർ 6,8,9,10,12,13,14,15,16,17 എന്നീ 10 ഗുണഭോക്താക്കൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് വീട് നിർമ്മിച്ചതിനാൽ ഒക്യുപൻസി ലഭ്യമായിട്ടില്ല എന്നും അറിയിച്ചു. അപാകതകൾ പരിഹരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 5 വീട് നിർമ്മാണം പൂർത്തീകരിച്ചതാണെന്ന് മറുപടി ലഭിച്ചു. വീട് നിർമ്മാണം പൂർത്തീകരിച്ച വിവരം (കെട്ടിട നമ്പർ സഹിതം) ലഭ്യമാക്കേണ്ടതാണ്.

## 1-34 ദേശീയ നഗര ഉപജീവന ദൗത്യം (NULM).

നഗരസഭയിൽ 39 വാർഡുകളിലായി ആകെ 172 അയൽക്കൂട്ടങ്ങളിലായി 3145 അംഗങ്ങളാണ് ഉള്ളത്. 28 മൈക്രോ സംരഭങ്ങളിൽ 14 വ്യക്തിഗതവും 14 ഗ്രൂപ്പ് സംരഭങ്ങളുമാണ് നിലവിലുള്ളത്. 8 ബാലസഭകളും 2 സംഘകൃഷി ഗ്രൂപ്പുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

ഓഡിറ്റ് വർഷം ദേശീയ നഗര ഉപജീവന ദൗത്യം ഫണ്ടിലേക്ക് 14 സംരഭങ്ങൾക്ക് 50,000രൂപ വീതം റിവോൾവിംഗ് ഫണ്ടായി തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 22100148/ 22.6.21 | 7,00,000 | 6,50,000 | 50,000 |

നഗരസഭയിൽ ദേശീയ നഗര ഉപജീവന ദൗത്യം (NULM) പദ്ധതിയിൽ പ്രധാനമായും 4 പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്.

1.സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും (SMID)

ഇവയിൽ പ്രധാനമായും അയൽക്കൂട്ടങ്ങൾ (NHG) രൂപീകരണം, NHG, ADS റിവോൾവിംഗ് ഫണ്ട് ശേഖരണം എന്നിവ ഉൾപ്പെടുന്നു. ADSറിവോൾവിംഗ് ഫണ്ട് ശേഖരണം ഒഴികെയുള്ള പ്രവർത്തനങ്ങളിൽ 2021-22 വർഷത്തിൽ നഗരസഭ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

2. നൈപുണ്യ പരിശീലനവും തൊഴിൽ നിയമനവും (ESTP)

നൈപുണ്യ വികസന പരിശീലന പരിപാടികളിലൂടെ തൊഴിൽ നേടാൻ പ്രപ്തരാക്കുന്ന ഈ പരിപാടിയിൽ നഗരസഭ എൻറോൾചെയ്ത 90% പേർക്കും പ്ലേസ്മെന്റ് ലഭ്യമാക്കി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

3.സ്വയം തൊഴിൽ പദ്ധതി (SEP)

ഈ പദ്ധതി പ്രകാരം വ്യക്തിഗത, ഗ്രൂപ്പ്, കമ്മ്യൂണിറ്റി സ്വയം തൊഴിൽ പ്രോത്സാഹന പരിപാടിയിലൂടെ 2,98,480 രൂപ ചെലവഴിച്ച് ലക്ഷ്യം കൈവരിച്ചിട്ടുണ്ട്,

4. തെരുവോര കച്ചവടക്കാർക്കുള്ള സഹായ പദ്ധതി.(SUSV)

നഗര വഴിയോരകച്ചവടക്കാരുടെ പുനരധിവാസത്തിനായി സർവ്വേ നടത്തി 89 വഴിയോരവഴിയോര കച്ചവടക്കാരെ കണ്ടെത്തിയെങ്കിലും കച്ചവടക്കാർക്ക് ലോൺ തിരിച്ചടക്കുന്നതിലുള്ള പ്രയാസം കാരണം ലക്ഷ്യം കൈവരിച്ചിട്ടില്ല.

തിരൂരങ്ങാടി സി.ഡി.എസിനു താഴെ പറയും പ്രകാരം സേവിങ്ങ് ബാങ്ക് എക്കൗണ്ടുകൾ ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അക്കൗണ്ട് നമ്പർ | ബാങ്ക് | 1.4.21 ലെ മുന്നിരിപ്പ് | 31.3.2022ലെ ബാലൻസ് |
|---|---|---|---|---|
| DFK | 402751011060656 | KGB | 2422131.40 | 3077359.40 |
| MKSP | 0825101074082 | കനറാ ബാങ്ക് | 76559.40 | 78251.40 |
| സ്നേഹനിധി | 0825101076707 | കനറാ ബാങ്ക് | 38622 | 40484 |
| NULM | 0825101078254 | കനറാ ബാങ്ക് | 128411 | 171763 |
| CEF | 0825101082908 | കനറാ ബാങ്ക് | 70757 | 216948 |
| CDS | 0825101080520 | കനറാ ബാങ്ക് | 2035405 | 934810 |

നിരീക്ഷണങ്ങൾ

1. കുടുംബശ്രീ ബൈലോ 15.3.5 പ്രകാരം വിലയിരുത്തൽ സമിതി യോഗം 3 മാസത്തിലിലൊരിക്കലെങ്കിലും ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . മിനുട്സ് പരിശോധിച്ചതിൽ ആയത് പാലിച്ചതായി കാണുന്നില്ല.

2. മൈക്രോ ഫിനാൻസ് മിനുട്സ് പ്രകാരം മൈക്രോ ഫിനാൻസ് ഉപസമിതി 31.3.21 ന് ശേഷം യോഗം ചേർന്നിട്ടില്ല.

3. മൈക്രോ എന്റർപ്രൈസസ് ഉപസമിതി മിനുട്സ് പരിശോധിച്ചതിൽ മൈക്രോ എന്റർപ്രൈസസ് ഉപസമിതി 7.11.2019 ന് ശേഷം യോഗം ചേർന്നിട്ടില്ല.

4. കുടുംബശ്രീ ബൈലോ 18.3 നിർദേശിച്ച പ്രകാരമുള്ള താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

1. റിവോൾവിംഗ് ഫണ്ട് രജിസ്റ്റർ

2. ഇൻഷ്യറൻസ് രജിസ്റ്റർ

3. പ്രതിമാസ ലഘു സമ്പാദ്യ രജിസ്റ്റർ

ബൈലോ പ്രകാരമുള്ള രജിസ്റ്ററുകൾസൂക്ഷിക്കേണ്ടതും കൃത്യമായി സമിതികൾ യോഗം ചേരേണ്ടതുമാണ്.

## 1-35 നഗരസഭാ വയോമിത്രം പദ്ധതി.

സർക്കാർ ഉത്തരവ് (സാധാ) 1209/2013/ത.സ്വ.ഭ.വ. തിയതി 6.5.2013 നഗരസഭയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വയോമിത്രം പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം അടവാക്കൽ എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | തുക നൽകിയ സ്ഥാപനം | തുക | ബിൽ നമ്പർ |
|---|---|---|---|
| വയോമിത്രം പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം അടവാക്കൽ (പ്രോജക്ട് നമ്പർ 4/22) | സാമൂഹ്യ സുരക്ഷാ മിഷൻ | 10,00,000 (വികസന ഫണ്ട് ജനറൽ) | 21150647002400465507 /29.9.21 |
| | ആകെ | 10,00,000 | |

കേരളാ സാമൂഹ്യ സുരക്ഷാ മിഷനും നഗരസഭയും സംയുക്തമായി 2016 മാർച്ച് 4 മുതൽ ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി വരുന്നു. 65 വയസ്സിനുമുകളിലുള്ള മുതിർന്ന പൗരൻമാരുടെ ശാരീരികവും മാനസീകവുമായ ആരോഗ്യം

സംരക്ഷിക്കാൻ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ്, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, കോർഡിനേറ്റർ എന്നിവരുടെ സഹായത്തോടെ മൊബൈൽ ക്ലിനിക്കുകൾ സംഘടിപ്പിച്ച് വരുന്നു. നഗരസഭയിൽ 24 മൊബൈൽ ക്ലിനിക്കുകളാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. 3026ഗുണഭോക്താക്കളാണ് നിലവിൽ വയോമിത്രം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രധാനമായും ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകളാണ് ക്ലിനിക്കുകൾ വഴി നൽകി വരുന്നത്.കേരളാ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും നിലവിൽ 110 മരുന്നുകളാണ് ലഭിച്ച് വരുന്നത്. വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിനുതകുന്ന നൂതന പദ്ധതികൾ അവലംബിച്ച് വയോമിത്രം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-36 നഗരസഭാ വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ അടവാക്കിയില്ല.

സർക്കാർ ഉത്തരവ് (പി) നമ്പർ 819/2000/ ഫിൻ തിയതി 8.04.2000 ഉത്തരവ് പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വാഹനങ്ങൾ കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ താഴെ പറയുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും അല്ല എടുത്തിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| വാഹനം | ചെലവഴിച്ച തുക | വൌച്ചർ നമ്പർ | |
|---|---|---|---|
| KL-65-J 3896 Etios | 17889 | 22100016/20.4.21 | എസ്.ബി.ഐ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് |
| KL-65 -K3451 | 12,629 | 22100463/5.10.21 | യുനൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ചെമ്മാട് |
| ആകെ | 30,518 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/21-22/23.1.2023 ന് നൽകിയ മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുക്കുന്നതാണ് എന്ന് അറിയിച്ചു. വാഹനങ്ങൾക്ക് കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുക്കേണ്ടതാണ്.

## 1-37 പോഷകാഹാര വിതരണം- വിതരണ ഏജൻസിയെ കൗൺസിൽ അംഗീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് | 20/22 അംഗനവാടി പൂരക പോഷകാഹാരം |
| അടങ്കൽ | 2500000 (പൊതുവിഭാഗം സാധാരണ വിഹിതം<br>3000000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>2500000 ( തനത് ഫണ്ട്) |
| ആകെ ചെലവ് | 8000000/- |
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്രവൈസർ |

നഗരസഭക്ക് കീഴിലുള്ള വിവിധ അംഗനവാടികളിൽ പോഷകാഹാര വിതരണത്തിനു വേണ്ടിയാണ് പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പോഷകാഹാരം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി വിവിധ കുടുംബശ്രീ യൂണിറ്റുകൾ നഗരസഭയിൽ ന്യൂട്രിമിക്സ്, ഗ്രാവി പ്രോ, ന്യൂട്രിമാം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളെ വിതരണത്തിനുള്ള ഏജൻസിയായി നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടില്ല. വിതരണത്തിന് ഈ സ്ഥാപനങ്ങളുമായി കൗൺസിൽ കരാർ ചമച്ചിട്ടും ഇല്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. നഗരസഭയിൽ വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ അറിയിട്ടിട്ടുണ്ട്. എന്നാൽ പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(24/22.01.23) പോഷകാഹാര വിതരണ സ്ഥാപനങ്ങളെ കൗൺസിൽ അംഗീകാരം വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഗുണനിലവാര പരിശോധന നടത്തുന്നതാനായി സാമ്പിളുകൾ നൽകിയെങ്കിലും കോവിഡ് കാരണം പരിശോധന റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.നിലവിൽ കൃത്യമായി പരിശോധന നടത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 മൃഗാശുപത്രിക്ക് ലാപ്ടോപ്പ് വാങ്ങൽ - തുക തിരികെ ലഭ്യമായില്ല

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ട് പ്രകാരം മൃഗാശുപത്രിയിലേക്ക് ലാപ്ടോപ്പ്, UPS, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി തുക കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. UPS, പ്രിന്റർ എന്നിവ ലഭ്യമായെങ്കിലും, ലാപ്ടോപ്പ് നാളിത് വരെ ലഭ്യമായിട്ടില്ല. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | ഇനം/എണ്ണം (തുക) | അടങ്കൽ തുക (ഫണ്ട്) | ചെലവ് തുക (വൗച്ചർ നമ്പർ / തിയ്യതി) | പ്രഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 55/22 മൃഗാശുപത്രിയിൽ ഭൗതിക സൗകര്യമൊരുക്കൽ | Laptop – 1 (28165/-)<br>1 KVA UPS – 1 (23305/-)<br>A4 Multi Function Printer – (20018/-) | 100,000 (തനത് ഫണ്ട്) | 71,488 രൂപ (22100540/09.11.2021) | TVM/ITBG/PI/RC /31199/20-21 Dtd: 21.10.2021 |

മേൽ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള 28165/- രൂപയുടെ ലാപ്ടോപ്പ് നാളിതുവരെ കെൽട്രോൺ ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ് ലഭ്യമാവാത്തതിനാൽ ആയതിന്റെ വില 28165/- രൂപ നഗരസഭ അക്കൗണ്ടിലേക്ക് തിരികെ നൽകണമെന്നാവശ്യപ്പെട്ട് 29.12.2021 ന് വെറ്ററിനറി സർജൻ കെൽട്രോണിന് കത്ത് അയച്ചിരുന്നു. തുക ലഭ്യമായിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/19.01.2023) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ലഭ്യമാവുന്നതിനുള്ള ഫയൽ പ്രോസ്സസിംഗിൽ ആണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തുക തിരികെ ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ 28165/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-39 മുൻകൂർ തുക നൽകി - മരുന്നുകൾ ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (ടി.എച്ച്.സി.എച്ച്)

2021-22 വർഷത്തിൽ മരുന്നുകൾ/മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ 40/23.01.2023) ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സുകൾ ഹാജരാക്കി. ഇനിയും ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ) | വൗച്ചർ നമ്പർ / തിയ്യതി | ലഭ്യമായ മരുന്നിന്റെ വിവരം | | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നമ്പർ /തിയ്യതി | തുക | |
| 48/22 | 19,38,532 രൂപ | 22100382/13.09.2021 | 1306/27.09.2021 | 19412 | 2,84,136 രൂപ |

| | | | | | |
|---|---|---|---|---|---|
| പരിരക്ഷ – ഡയാലിസിസ് സെന്ററിന് മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങൽ<br>അടങ്കൽ തുക : 30,00,000<br>ഫണ്ട് : വികസന ഫണ്ട് ജനറൽ/തനത് ഫണ്ട് | (PRF 1977/09.09.2021) | | 1628/20.11.2021 | 19412 | |
| | | | 1629/20.11.2021 | 19412 | |
| | | | 1785/17.12.2021 | 19412 | |
| | | | 1846/28.12.2021 | 19412 | |
| | | | 1844/28.12.2021 | 61607 | |
| | | | 1843/28.12.2021 | 156218 | |
| | | | 1842/28.12.2021 | 118136 | |
| | | | 2147/25.02.2022 | 78757 | |
| | | | 2190/02.03.2022 | 41012 | |
| | | | 2303/17.03.2022 | 19412 | |
| | | | 99/21.04.2022 | 17409 | |
| | | | 102/21.04.2022 | 32642 | |
| | | | 103/21.04.2022 | 142364 | |
| | | | 104/21.04.2022 | 43523 | |
| | | | 313/31.05.2022 | 162702 | |
| | | | 413/21.06.2022 | 21326 | |
| | | | 414/21.06.2022 | 22197 | |
| | | | 883/01.10.2022 | 43523 | |
| | | | 884/01.10.2022 | 40676 | |
| | | | 885/01.10.2022 | 43523 | |
| | | | 886/01.10.2022 | 43523 | |
| | | | 887/01.10.2022 | 43523 | |
| | | | 616/01.08.2022 | 65284 | |
| | | | 617/01.08.2022 | 43523 | |
| | | | 694/22.08.2022 | 65284 | |
| | | | 1029/15.11.2022 | 21761 | |
| | | | 1030/15.11.2022 | 43523 | |
| | | | 1087/26.11.2022 | 43523 | |
| | | | 1088/26.11.2022 | 40676 | |
| | | | 1089/26.11.2022 | 101689 | |
| | | | ആകെ | 1654396 | |
| | 10,00,000 രൂപ (PRF 1976/09.09.2021) | 22100390/14.09.2021 | 1440/14.10.2021 | 61060 | 11,961 രൂപ |
| | | | 1460/21.10.2021 | 466966 | |
| | | | 1630/20.11.2021 | 19059 | |
| | | | 1743/10.12.2021 | 6098 | |
| | | | 1784/17.12.2021 | 2439 | |
| | | | 1845/28.12.2021 | 35088 | |
| | | | 1945/29.01.2022 | 41471 | |
| | | | 2051/11.02.2022 | 45567 | |
| | | | 2148/25.02.2022 | 30465 | |
| | | | 2149/25.02.2022 | 35088 | |
| | | | 2203/03.03.2022 | 33349 | |
| | | | 2207/03.03.2022 | 3739 | |
| | | | 2279/15.03.2022 | 82943 | |

| | | | |
|---|---|---|---|
| | 2282/15.03.2022 | 45082 | |
| | 100/21.04.2022 | 53314 | |
| | 101/21.04.2022 | 6231 | |
| | 314/31.05.2022 | 6098 | |
| | 891/01.10.2022 | 3115 | |
| | 525/13.07.2022 | 10867 | |
| | ആകെ | 988039 | |
| ആകെ ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകളുടെ തുക | | | 2,96,097 രൂപ |

അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത്, സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 PSC പരിശീലനം - ചെലവുകൾ - മാർഗ്ഗരേഖക്ക് വിരുദ്ധം

നിർവഹണം : പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

പ്രൊജക്ട് നമ്പർ, പേര് : 36/22, മത്സര പരീക്ഷകൾക്കുള്ള പരിശീലനം

അടങ്കൽ : 2,00,000

തുക : 1,81,274 (തനത് ഫണ്ട്)

വൗച്ചർ നമ്പർ / തിയ്യതി : 22100697/21.01.2022 – 100000

വൗച്ചർ നമ്പർ / തിയ്യതി : 22100910/31.03.2022 – 81274

മേൽ പ്രൊജക്ട് പ്രകാരം 77 ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷക്ക് പരിശീലനം നൽകുന്നതിനായി (പി.എസ്.സി പരിശീലനം) 1,81,274/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ ക്ലാസ്സുകൾ നടത്തിയതിന് റമ്യൂണറേഷൻ ഇനത്തിൽ അധ്യാപകർക്ക് 176000 രൂപയും, സ്റ്റേഷനറി ഇനങ്ങൾ വാങ്ങിച്ചതിന് 5274 രൂപയുമാണ് ചെലവഴിച്ചത്. 13.11.2021 മുതൽ 27.03.2022 വരെ 32 ദിവസത്തെ പരിശീലനമാണ് നൽകിയിട്ടുള്ളത്.

പരിശീലനത്തിനായി വിവിധ സ്കൂളിലെ അധ്യാപകരെ ട്രൈനർമാരായി നിയമിച്ച് ഒരു സെഷന് 500/- രൂപ നിരക്കിൽ മാനവേതനം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ചെലവഴിച്ച 176000/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | തുക |
|---|---|---|---|
| 1 | മൊയ്തീൻ കുട്ടി | കോഴ്സ് കോ ഓർഡിനേറ്റർ | 32000 |
| 2 | യുസൈറ എ.ജെ | ട്രൈനർ | 32000 |
| 3 | ആരിഫ | ട്രൈനർ | 16000 |
| 4 | അരുൺ പ്രശാന്ത് | ട്രൈനർ | 7000 |
| 5 | വിജേഷ് പി | ട്രൈനർ | 17500 |
| 6 | മിഥുൻ സി | ട്രൈനർ | 17500 |
| 7 | ദീപശ്രീ | ട്രൈനർ | 12000 |
| 8 | സുരേഷ് കരുവാപള്ളി | ട്രൈനർ | 15000 |
| 9 | വിനോദ് കുമാർ | ട്രൈനർ | 6000 |
| 10 | ഷൈസ പി | ട്രൈനർ | 7000 |
| 11 | അബ്ദുസ്സമദ് | ട്രൈനർ | 10500 |
| 12 | അജ്മൽ | ട്രൈനർ | 3500 |
| ആകെ | | | 176000 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ (2018-9 മുതൽ 2021-22 വരെ) സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018, മുനിസിപ്പാലിറ്റികൾക്കുള്ള പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 17/2018 ത.സ്വ.ഭ.വ തിയ്യതി : 02.02.2018 എന്നിവ പ്രകാരം ഇത്തരത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി ഇല്ല.

പ്രൊജക്ട് നടത്തിപ്പിന് ആധാരമാക്കിയ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/19.01.2023) ലഭ്യമാക്കിയ മറുപടിയിൽ മാർഗ്ഗരേഖ വിദ്യാഭ്യാസം ഉപവിഭാഗം ക്രമ നമ്പർ

5 ൽ പരാമർശിച്ച പ്രകാരമാണ് പരിശീലനം ഏറ്റെടുത്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ മേൽ ഖണ്ഡിക പ്രകാരം വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുക എന്നിവക്കാണ് പരിശീലനം നൽകുന്നതിനെ കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. മാത്രവുമല്ല പ്രൊജക്ടുകൾ എസ്.എസ്.എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടിയുടെ ആവർത്തനമല്ല എന്ന് ഉറപ്പാക്കിയ ശേഷമാണ് പ്രൊജക്ട് നടപ്പാക്കേണ്ടത്. എന്നാൽ പി.എസ്.സി പരിശീലനം നൽകുന്നത് വിദ്യാർത്ഥികൾക്കല്ല, മാത്രവുമല്ല ഇത് ഒരു തൊഴിൽ പരിശീലനമായിട്ടാണ് ഏറ്റെടുത്ത് നടപ്പാക്കിയത് എന്നതിനാൽ നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല.

മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയത് മൂലം ഉണ്ടായ ചെലവ് തുക 1,81,274/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ.

നിർവഹണം : പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

പ്രൊജക്ട് നമ്പർ, പേര് : 23/22, ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

അടങ്കൽ : 3,00,000

തുക : 2,44,290 (തനത് ഫണ്ട്)

വൗച്ചർ നമ്പർ / തിയ്യതി : 22100913/31.03.2022

മേൽ പ്രൊജക്ട് പ്രകാരം വിവിധ ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ഫിഫ സ്പോർട്സ് & ടോയ്സ്, മഞ്ചേരി, വിവ സ്പോർട്സ് & ട്രോഫി, ചെമ്മാട് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം സ്പോർട്സ് ഐറ്റംസ് വാങ്ങിയിട്ടുണ്ട്.

| ഇനം | നിരക്ക് | എണ്ണം | തുക | സ്ഥാപനം - ഇൻവോയ്സ് നമ്പർ/തിയ്യതി |
|---|---|---|---|---|
| Jersy (10 Nos) | 2000 | 30 | 60000 | വിവ സ്പോർട്സ് & ട്രോഫി, ചെമ്മാട്<br>ഇൻവോയ്സ് നമ്പർ : 926/26.03.2022 |
| Football | 826 | 90 | 74340 | ഫിഫ സ്പോർട്സ് & ടോയ്സ്, മഞ്ചേരി<br>ഇൻവോയ്സ് നമ്പർ : B2C-6457/24.03.2022 |
| Shuttle Bat | 155 | 60 | 9300 | |
| Volleyball | 535 | 30 | 16050 | |
| Badminton Net | 180 | 30 | 5400 | |
| Shuttle Cock | 930 | 30 | 27900 | |
| Cricket Bat | 855 | 60 | 51300 | |
| ആകെ | | | 244290 | |

നഗരസഭ പരിധിയിലെ 30 ക്ലബുകൾക്കാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തത്. ഓരോ ക്ലബുകൾക്കും നൽകിയ കിറ്റിൽ അടങ്ങിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Jersy (10 Nos) | 1 | 2000 | 2000 |
| Football | 3 | 826 | 2478 |
| Shuttle Bat | 2 | 155 | 310 |
| Volleyball | 1 | 535 | 535 |
| Badminton Net | 1 | 180 | 180 |
| Shuttle Cock | 1 | 930 | 930 |
| Cricket Bat | 2 | 855 | 1710 |
| ആകെ | | | 8143 |

പ്രൊജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018 ഖണ്ഡിക 7.6.13 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് 4000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകാം. സ.ഉ (സാധാ) നം 811/2018/ത.സ്വഭ.വ തിയ്യതി: 26.03.2018 പ്രകാരം മേൽ തുക 5000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഒരു ക്ലബിന് 8143/- രൂപയുടെ സ്പോർട്സ് കിറ്റാണ് വാങ്ങി നൽകിയത്. ഒരു

ക്ലബിന് 5000 രൂപ വെച്ച് പരമാവധി 30 ക്ലബുകൾക്ക് അനുവദിക്കാവുന്ന തുക 150000 രൂപയായിരുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/19.01.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ടിനായി അധിക തുക വകയിരുത്തിയത് കോവിഡ് പശ്ചാത്തലത്തിൽ മുൻ വർഷങ്ങളിൽ ഇത്തരത്തിൽ പ്രൊജക്ട് നടപ്പാക്കാൻ കഴിയാത്തതിനാലും, നഗരസഭയിൽ കലാ കായിക രംഗത്ത് മികവാർന്ന പ്രവർത്തനം കാഴ്ചവെക്കുന്ന ക്ലബുകൾ എന്ന നിലക്ക് അവക്ക് പ്രോത്സാഹനം നൽകുന്നതിനാണ് എന്നും, കൗൺസിൽ തീരുമാന പ്രകാരമാണ് പ്രൊജക്ട് നടപ്പാക്കിയത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ നിർദ്ദേശം പാലിച്ച് പ്രൊജക്ട് നടപ്പിലാക്കാമായിരുന്നിട്ടും മാർഗ്ഗരേഖക്കും, സർക്കാർ ഉത്തരവിനും വിരുദ്ധമായി അധിക തുക ചെലവഴിച്ചത് ക്രമത്തിലല്ല.

അധികമായി ചെലവഴിച്ച 94,290/- രൂപ (244290 – 150000) ഓഡിറ്റിൽ നിരാകരിക്കുന്നു. (ഖണ്ഡിക 3-1 കൂടി കാണുക)

## 1-42 SSA വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രിൻസിപ്പാൾ നടപ്പാക്കിയ എസ് എസ് എ വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 30,00,000/- രൂപ സമഗ്ര ശിക്ഷ കേരളം, സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | അടങ്കൽ തുക | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ട് |
|---|---|---|---|---|
| 19/22 എസ് എസ് എ പദ്ധതി | 20,00,000 | 20,00,000 | 22100932/13.09.2021 | വികസന ഫണ്ട് (ജനറൽ) |
| 115/22 എസ് എസ് എ പദ്ധതി | 10,00,000 | 10,00,000 | 22100933/13.09.2021 | വികസന ഫണ്ട് (ജനറൽ) |
| ആകെ | | 30,00,000 | | |

മേൽ ചെലവിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/19.01.2023) ലഭ്യമാക്കിയ മറുപടിയിൽ, 19/22 പദ്ധതി പ്രകാരമുള്ള 20,00,000 രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കി.

10,00,000 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, ആയത് ഹാജരാക്കുന്നത് വരെ 10,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി.

പ്രൊജക്ട് : 126/22 നഗരസഭാ ഓഫീസിൽ അടിസ്ഥാന സൗകര്യം.

അടങ്കൽ : 500000 തനത് ഫണ്ട്

ചെലവ് : 495764 ചെക്ക് നമ്പർ. 676368/31.3.2022

നിർവഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

കൗൺസിലർമാരുടെ റൂമിലെ ഇൻഡീരിയർ ഡിസൈൻ വർക്കുകൾക്കാവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനാണ് പ്രൊജക്ട് നടപ്പാക്കിയത്. ARTCO കോഴിക്കോട് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സിലെ (നം.6088/29.9.2021) നിരക്കുകൾ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ Pw-1/126/22 തീയ്യതി.5.11.2021 കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകി. തുടർന്ന് പ്രവൃത്തി നിർവ്വഹിച്ച് KKD/255/13.1.2022 പ്രകാരം 411748 രൂപയുടെയും , KKD/112/8.11.2021 പ്രകാരം 84016.00 രൂപയുടെയും ഇൻവോയ്സുകൾ ARTCO കോഴിക്കോട് ലഭ്യമാക്കിയിട്ടുണ്ട്. (ഈ ഇൻവോയ്സുകളിൽ സപ്ലൈ ചെയ്ത സാധനങ്ങളുടെ തുക കൂടാതെ പ്രവൃത്തികൾ നിർവ്വഹിച്ചതിന്റെ തുക കൂടി ഉൾക്കൊള്ളുന്നുണ്ട്). ഇതിന്റെ അടിസ്ഥാനത്തിലാണ് മേൽ വൗച്ചർ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.

പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കുന്നതിനും ARTCO ക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പ്രൊജക്ടുകൾ നടപ്പാക്കിയത് എന്ന് വ്യക്തമായി. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ മേൽ ഉത്തരവുകളിൽ

അംഗീകരിക്കാത്ത സാധനങ്ങളാണ് ARTCO മുഖേന ടെണ്ടർ കൂടാതെ മേൽ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയിട്ടുള്ളത്.

2) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്. അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവുകൾ (GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019) അനുസരിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ARTCO മുഖേന നടപ്പാക്കിയ ഈ പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ (പെയിന്റിംഗ്, വയറിംഗ് ഉൾപ്പെടെ) വിശദമായ എസ്റ്റിമേറ്റ് ARTCO തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ച മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല.

3) <u>പ്രവൃത്തിയുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.</u>

പ്രവൃത്തി നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നതും പ്രവൃത്തിയുടെ അളവും നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 495764 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.32/21-22/23.1.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-44 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല.

നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്ത് വന്നിരുന്നത്. ഗ്രാമ പഞ്ചായത്തിന് 2021-22 വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഡിമാന്റ് ചെയ്ത് തിരികെ വാങ്ങി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

നിലവിൽ തിരൂരങ്ങാടി SBI യിൽ ഉള്ള 0000067179065194 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നത്. പ്രസ്തുത അക്കൗണ്ട് പരിശോധിച്ചതിൽ 7/22 മുതൽ ടെണ്ടർ സെറ്റിൽമെന്റ് ഇനത്തിൽ തുക ക്രഡിറ്റ് ചെയ്തതായി ബധ്യപ്പെട്ടിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം. 22/21-22/20.1.2023 അസിസ്റ്റന്റ് എഞ്ചിനീയറുടെ പിഡബ്ല്യു-1398/23 നമ്പർ മറുപടി)

## 1-45 അധിക നിരക്ക് അനുവദിച്ചത് കാരണം 31813 രൂപയുടെ അധികച്ചെലവ്.

പ്രൊജക്ട് : 202/22 ജി.എച്ച്.എസ്.റോഡ് ഡ്രൈനേജ് ആന്റ് കൾവർട്ട്

T.S. No. : 32538/2021-2022 DsoR 2016, COI 31.06% (RE. Vide CR 1(7)/16.3.2022)

അടങ്കൽ : 1200000, സി.എഫ്.സി (ബേസിക് ഗ്രാന്റ്)

ചെലവ് : 737338, PFMS അഡ്വൈസ് നം.CO32289771719/30.3.2022

കരാർ നമ്പർ: 006/AE/LID&EW/TGDY/2021-22/25.10.2021

(Item Rate, Total Rs.873284.84, 17.79% Below)

എംബുക്ക് നം: 34/2021-22

കരാറുകാരൻ : അൻവർ.പി

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു

1. ഫൗണ്ടേഷന് മണ്ണ്കിളച്ച് മാറ്റുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു.

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനം 1 കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി മണ്ണ് കിളച്ച് മാറ്റുന്ന പ്രവൃത്തിയാണ്. ഇതിന് MORD സ്പെസിഫിക്കേഷൻ കോഡ് 11.1.1.1 @487.51/m3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള പ്രവൃത്തികൾ കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി കിളയെടുക്കുന്നതിന് ആവശ്യമില്ല. ആയതിനാൽ ഈ പ്രവൃത്തിക്ക് കോഡ് 3.5.1 @228.51/m3 നിരക്കാണ് അനുവദിക്കാറുള്ളത്. തൻവർഷം നിർവ്വഹിച്ച സമാനമായ മറ്റ് പ്രവൃത്തികളിലും ഈ നിരക്കാണ് അനുവദിച്ചിട്ടുള്ളത് (3.5.2 കോഡ് പ്രകാരം മെഷ്യൻ ഉപയോഗിച്ച് ഇതിലും കുറഞ്ഞ നിരക്കിന് ഈ പ്രവൃത്തി നിർവ്വഹിക്കാവുന്നതാണ്). ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതിനാൽ

പ്രവൃത്തിയിൽ താഴെ കാണിച്ച പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക @ 400.78m3 (ക്വോട്ടെഡ് റേറ്റ്) | അനുവദിക്കാവുന്നത്@187.85/m3 (228.51x82.21%) | അധികം അനുവദിച്ചത് (12% ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|
| 79.87x400.78=32010.30 | 79.87x187.85=15003.57 | 32010.30-15003.57=17006.73<br>17006.73x112%=19047.54 |

2. ഫൗണ്ടേഷന് പാറ കിളച്ച് മാറ്റുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു.

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 1 കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി പാറ കിളച്ച് മാറ്റുന്ന പ്രവൃത്തിയാണ്. ഇതിന് MORD സ്പെസിഫിക്കേഷൻ കോഡ് 11.1.2 @609.41/m3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള പ്രവൃത്തികൾ കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി പാറ കിളച്ച് മാറ്റുന്നതിന് ആവശ്യമില്ല. ആയതിനാൽ ഈ പ്രവൃത്തിക്ക് കോഡ് 3.8.1 @355.48/m3 നിരക്കാണ് അനുവദിക്കാറുള്ളത് (3.8.2 കോഡ് പ്രകാരം മെഷ്യൻ ഉപയോഗിച്ച് ഇതിലും കുറഞ്ഞ നിരക്കിന് ഈ പ്രവൃത്തി നിർവ്വഹിക്കാവുന്നതാണ്). ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതിനാൽ പ്രവൃത്തിയിൽ താഴെ കാണിച്ച പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക @ 500.99/m3 ( ടെണ്ടർ ബിലോ പ്രകാരമുള്ള റേറ്റ്) | അനുവദിക്കാവുന്നത്@292.24/m3 (355.48x82.21%) | അധികം അനുവദിച്ചത് (12% ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|
| 54.60x500.99/m3=27354.05<br>(70x1.30x0.60=54.60m3) | 54.60x292.24/m3=15956.30 | 27354.05-15956.30=11397.75<br>11397.75x112%=12765.48 |

അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകുകയോ അല്ലെങ്കിൽ അധികച്ചെലവ് വന്ന തുക 19047.54+12765.48=31813.02 രൂപ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41/21-22/24.1.2023 ക്ക് ലഭ്യമാക്കിയ നം.പി.ഡബ്ല്യു 1-1587/23 തീയ്യതി.23.21.2023 നമ്പർ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് ആവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതയുടെ വെളിച്ചത്തിൽ 31813 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 1-46 കരാർ ഒപ്പുവയ്ക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

പ്രൊജക്ട് : 174/22 വിവിധ ഘടക സ്ഥാപനങ്ങളുടെ വൈദ്യുതീകരണം

അടങ്കൽ : 1400000

ചെലവ് : 685888 ഫണ്ട്-എം.ജി (എൻ.ആർ), ബിൽ നം.22/19.3.2022 (Ist & Part Bill)

കരാർ നമ്പർ: 520/AE/LSGD/TGDI/2020/21.12.2020

എംബുക്ക് നം: 164/2020-21

കരാറുകാരൻ : SPANDS ഇലക്ട്രിക്കൽ എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് , കോഴിക്കോട്

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

2012 ലെ PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ മെമ്മോ കൈപ്പറ്റുന്ന തീയ്യതി മുതൽ 14 ദിവസം വരെ പിഴ കൂടാതെയും (മെമ്മോ തപാൽ മുഖേന അയക്കുന്ന അവസരത്തിൽ അത് പോസ്റ്റ് ചെയ്ത തീയ്യതി കൈപ്പറ്റ് തീയ്യതിയായി കണക്കാക്കും) തുടർന്ന് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കിയും മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരെ അനുവദിക്കാവുന്നതാണ്. ഈ കാലപരിധിക്കുള്ളിൽ കരാർ ഒപ്പുവച്ചില്ലെങ്കിൽ അത്തരം കരാറുകാരുടെ EMD മുതൽ കൂട്ടേണ്ടതും, പ്രൊജക്ട് നിർവ്വഹണത്തിന് മറ്റ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഈ പ്രൊജക്ടിന്റെ കരാർ ഒപ്പു വച്ചത് സെലക്ഷന് മെമ്മോ കൈപ്പറ്റി 14 ദിവസം കഴിഞ്ഞാണ്. എന്നിട്ടും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

സെലക്ഷൻ നോട്ടീസ് - Pw1/7028/2020 തീയ്യതി.02.10.2020

സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി - 02.11.2020

പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി -15.11.2020

കരാർ ചമച്ച തീയ്യതി - 21.12.2020

ടെണ്ടേർഡ് PAC - 1071330.95

ചുമത്തേണ്ട പിഴ – 1071330.951x1%= 10713.30

വരുമാന നികുതി നിയമം സെക്ഷൻ 194(സി) അനുസരിച്ച് വ്യക്തികളും ഹിന്ദു കൂട്ടു കുടുംബവും അല്ലാത്തവർക്ക് കരാർ പ്രകാരം തുക അനുവദിക്കുമ്പോൾ 2% വരുമാന നികുതി (ടി.ഡി.എസ്) ഈടാക്കി ഒടുക്കണം. എന്നാൽ മേൽ പാർട് ബില്ലിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ (612399.60) 1% ആയം 6124 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം.30/21-22/23.1.2023 മുഖേനെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു.1399/23 നമ്പർ 23.1.2023 തീയ്യതി കത്ത് മുഖേന ലഭ്യമാക്കിയ മറുപടിയിൽ പിഴയും കുറവ് വന്ന വരുമാന നികുതിയും ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-47 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

KFC ആർട്ടിക്കിൽ 282 (6) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ജാമ്യ / നിരത ദ്രവ്യ നിക്ഷേപങ്ങൾ ആയത് തിരികെ നൽകാവുന്ന തീയ്യതി (ഗ്യാരണ്ടി പിരീഡ് അവസാനിക്കുന്ന ദിവസം) മുതൽ മൂന്ന് വർഷത്തിനകം തിരികെ വാങ്ങിയില്ലെങ്കിൽ കാലഹരണപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിലേക്ക് (സർക്കാരിലേക്ക്) മുതൽ കൂട്ടാൻ യോഗ്യമാകുന്നതുമാണ്. ഓരോ വർഷാന്ത്യത്തിലും നീക്കിയിരിപ്പുള്ള ജാമ്യ നിക്ഷേപങ്ങളുടെ വർഷം തിരിച്ച പട്ടിക തയ്യാറാക്കി കാലഹരണപ്പെട്ടവ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിച്ചുവരുന്ന ജാമ്യ /നിരത ദ്രവ്യ നിക്ഷേപങ്ങളിൽ കാലഹരണപ്പെട്ടവ മുതൽക്കൂട്ടാൻ ഇപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/2021-22/20.1.2023 ക്ക് ലഭ്യമാക്കിയ പി.ഡബ്ല്യു.1-1395/23 നം. 23.1.2023 തീയ്യതി മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-48 താലൂക്ക് ആശുപത്രിയിൽ സിവറേജ് പ്ലാന്റ് സ്ഥാപിക്കൽ - പ്രവൃത്തിയുടെ പുരോഗതി വിവരവും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമല്ല.

താലൂക്ക് ആശുപത്രിയിൽ സിവറേജ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് (125/22) പ്രകാരം 50 ലക്ഷം രൂപ സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽവെയർ സൊസൈറ്റിയിൽ (അക്കൗണ്ട് നമ്പർ.626201088291, പി.എഫ്.എം.അഡ്വൈസ് നം. CO2200094221/2.2.2021) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. താലൂക്ക് ആശുപത്രിയിൽ സിവറേജ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നിർദ്ദിഷ്ട ഏജൻസിയായ WAPCOS 1.5 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, ഇതിൽ 1 കോടി രൂപ എൻ.എച്ച്.എം വഹിക്കുമെന്നും ബാക്കി 50 ലക്ഷം നഗരസഭ വഹിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക നൽകണമെന്നും അഭ്യർത്ഥിച്ച് ജില്ലാ പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം), ആരോഗ്യ കേരളം, മലപ്പുറം എഴുതിയ കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ തുക ചെലവ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. എൻ.എച്ച്.എം ഉം നഗരസഭയും പ്ലാന്റ് നിർമ്മാണം സംബന്ധിച്ച് ധാരണാ പത്രം ഒപ്പുവച്ചിട്ടില്ല. ഇപ്രകാരം ധാരണാ പത്രം ഒപ്പുവയ്ക്കാതെ തുക ഡെപ്പോസിറ്റ് ചെയ്തത് ക്രമപ്രകാരമല്ല.

2. സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽവെയർ സൊസൈറ്റിയെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചതിന്റെ ഉത്തരവോ, അല്ലെങ്കിൽ ഈ സൊസൈറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവോ ഫയലിൽ ലഭ്യമല്ല. ഇപ്രകാരം ഉത്തരവുകൾ ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

3. പ്രവൃത്തി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.31/21-22//23.1.2023 ന് ധാരണാ പത്രവും പ്രവൃത്തി പുരോഗതി സംബന്ധിച്ച വിവരങ്ങളും NHM ൽ നിന്നും ലഭ്യമാക്കുമെന്ന് 23.1.2023 ലെ പി.ഡബ്ല്യു 1-1484/23 നമ്പർ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-49 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ തിരൂരങ്ങാടി SBI യിൽ ഉള്ള 0000067179065194 നമ്പർ ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പണത്തിന്റെ വിവരം താഴെ നൽകുന്നു.

| തിയ്യതി | തുക |
|---|---|

| | |
|---|---|
| 31.03.2021 | 635263.50 |
| 31.03.2022 | 673494.50 |
| 31.12.2022 | 509990.50 |

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/21-22/20.1.2023 ക്കുള്ള 23.1.2023 ലെ പിഡബ്ല്യു 1-1395/23 നമ്പർ മറുപടിയിൽ ഇ ടെണ്ടർ ഫീ ഇനത്തിൽ വന്ന തുകയാണ് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതെന്നും വരവ് വന്ന ജി.എസ്.ടി, ഐ.ടി മുതലായവ അതത് വകുപ്പുകളിൽ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ഇ ടെണ്ടർ ഫീ ഇനത്തിൽ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-50 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ ന്യൂനതകൾ.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ7/11350/2015/സ.ഇ/ത.സ്വ.ഭ.വ/19.1.2017 ലെ ഉത്തരവിന്റെ വെളിച്ചത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. ജാമ്യ നിക്ഷേപ നിരീക്ഷണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കരാറുകാരിൽ നിന്നും ജാമ്യ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതും ആയത് തിരികെ നൽകുന്നതും നിരീക്ഷിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ എഗ്രിമെന്റ് രജിസ്റ്ററിലാണ് ഈ വിവരം രേഖപ്പെടുത്തുന്നത്. എന്നാൽ സ്വീകരിക്കുന്ന ഡെപ്പോസിറ്റുകളുടെ തുക മാത്രമാണ് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളുടെ നമ്പർ തീയ്യതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ ആയത് തിരികെ നൽകുമ്പോൾ എഗ്രിമെന്റ് രജിസ്റ്ററിൽ പ്രസ്തുത വിവരം രേഖപ്പെടുത്തി കരാറുകാരുടെ ഒപ്പ് വാങ്ങുന്നില്ല.

2. ഇ.എം.ഡി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കരാറുകാർ സമർപ്പിക്കുന്ന നിരത ദ്രവ്യ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതും ആയത് തിരികെ നൽകുന്നതും നിരീക്ഷിക്കുന്നതിന് നിരത ദ്രവ്യ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ നിരത ദ്രവ്യ നിക്ഷേപമിനത്തിൽ സ്വീകരിക്കുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളുടെ തുക ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ സ്വീകരിക്കുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളുടെ നമ്പർ തീയ്യതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയത് തിരികെ നൽകുന്ന വിവരവും രേഖപ്പെടുത്തുന്നില്ല.

3. കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR 7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO (P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. മുനിസിപ്പൽ എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിൽ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

4. മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പ്രൊജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

ക്രമ നമ്പർ. 1, 2, 3 അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 4 അപാകത ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം./2021-22/20.1.2023 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-51 ടെണ്ടർ സ്വീകരിക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ) ചട്ടങ്ങൾ 1997 ലെ ചട്ടം 10 പ്രകാരം ടെണ്ടർ നോട്ടീസ് പുറപ്പെടുവിക്കുന്ന അധികാര കേന്ദ്രത്തിന് മുമ്പാകെ സീൽഡ് ടെണ്ടറായാണ് ടെണ്ടറുകൾ സമർപ്പിക്കേണ്ടത്. സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ തപാലിലും ടെണ്ടർ സ്വീകരിക്കാവുന്നതാണ്. പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2008 (10) പ്രകാരം രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ് ആയി മാത്രമേ ടെണ്ടറുകൾ സ്വീകരിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നഗരസഭയിൽ സീൽഡ് ടെണ്ടറായി ഫ്രണ്ട് ഓഫീസ് മുഖേനയാണ് ടെണ്ടറുകൾ സ്വീകരിക്കുന്നത് എന്ന് ഇതു സംബന്ധിച്ച് അന്വേഷണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാക്കാൽ വിശദീകരണം നൽകുകയുണ്ടായി. ടെണ്ടർ സ്വീകരിക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സീൽഡ് ടെണ്ടർ സ്വീകരിക്കുന്നതിന് പ്രത്യേകം ബോക്സ് സ്ഥാപിക്കുകയോ അല്ലെങ്കിൽ ടെണ്ടർ സ്വീകരിക്കുന്നത് രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ് മുഖേന മാത്രമാക്കുകയോ ചെയ്യേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം..43/24.1.2023. ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ.

നിർവഹണം : പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

പ്രൊജക്ട് നമ്പർ, പേര് : 23/22, ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

അടങ്കൽ : 3,00,000

തുക : 2,44,290 (തനത് ഫണ്ട്)

വൗച്ചർ നമ്പർ / തിയ്യതി : 22100913/31.03.2022

മേൽ പ്രൊജക്ട് പ്രകാരം വിവിധ ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ഫിഫ സ്പോർട്സ് & ടോയ്സ്, മഞ്ചേരി, വിവ സ്പോർട്സ് & ട്രോഫി, ചെമ്മാട് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം സ്പോർട്സ് ഐറ്റംസ് വാങ്ങിയിട്ടുണ്ട്.

| ഇനം | നിരക്ക് | എണ്ണം | തുക | സ്ഥാപനം - ഇൻവോയ്സ് നമ്പർ/തിയ്യതി |
|---|---|---|---|---|
| Jersy (10 Noms) | 2000 | 30 | 60000 | വിവ സ്പോർട്സ് & ട്രോഫി, ചെമ്മാട്<br>ഇൻവോയ്സ് നമ്പർ : 926/26.03.2022 |
| Football | 826 | 90 | 74340 | ഫിഫ സ്പോർട്സ് & ടോയ്സ്, മഞ്ചേരി<br>ഇൻവോയ്സ് നമ്പർ : B2C-6457/24.03.2022 |
| Shuttle Bat | 155 | 60 | 9300 | |
| Volleyball | 535 | 30 | 16050 | |
| Badminton Net | 180 | 30 | 5400 | |
| Shuttle Cock | 930 | 30 | 27900 | |
| Cricket Bat | 855 | 60 | 51300 | |
| ആകെ | | | 244290 | |

നഗരസഭ പരിധിയിലെ 30 ക്ലബുകൾക്കാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തത്. ഓരോ ക്ലബുകൾക്കും നൽകിയ കിറ്റിൽ അടങ്ങിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Jersy (10 Noms) | 1 | 2000 | 2000 |
| Football | 3 | 826 | 2478 |
| Shuttle Bat | 2 | 155 | 310 |
| Volleyball | 1 | 535 | 535 |
| Badminton Net | 1 | 180 | 180 |
| Shuttle Cock | 1 | 930 | 930 |
| Cricket Bat | 2 | 855 | 1710 |
| ആകെ | | | 8143 |

പ്രൊജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018 ഖണ്ഡിക 7.6.13 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് 4000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകാം. സ.ഉ (സാധാ) നം 811/2018/ത.സ്വഭ.വ തിയ്യതി: 26.03.2018 പ്രകാരം മേൽ തുക 5000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഒരു ക്ലബിന് 8143/- രൂപയുടെ സ്പോർട്സ് കിറ്റാണ് വാങ്ങി നൽകിയത്. ഒരു ക്ലബിന് 5000 രൂപ വെച്ച് പരമാവധി 30 ക്ലബുകൾക്ക് അനുവദിക്കാവുന്ന തുക 150000 രൂപയായിരുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/19.01.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ടിനായി അധിക തുക വകയിരുത്തിയത് കോവിഡ് പശ്ചാത്തലത്തിൽ മുൻ വർഷങ്ങളിൽ ഇത്തരത്തിൽ പ്രൊജക്ട് നടപ്പാക്കാൻ കഴിയാത്തതിനാലും, നഗരസഭയിൽ കലാ കായിക രംഗത്ത് മികവാർന്ന പ്രവർത്തനം കാഴ്ചവെക്കുന്ന ക്ലബുകൾ എന്ന നിലക്ക് അവക്ക് പ്രോത്സാഹനം നൽകുന്നതിനാണ് എന്നും, കൗൺസിൽ തീരുമാന പ്രകാരമാണ് പ്രൊജക്ട് നടപ്പാക്കിയത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ നിർദേശം പാലിച്ച് പ്രൊജക്ട് നടപ്പിലാക്കാമായിരുന്നിട്ടും മാർഗ്ഗരേഖക്കും, സർക്കാർ ഉത്തരവിനും വിരുദ്ധമായി അധിക തുക ചെലവഴിച്ചത് ക്രമത്തിലല്ല.

അധികമായി ചെലവഴിച്ച 94,290/- രൂപ (244290 - 150000) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥൻ പ്രിൻസിപ്പലിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 അധിക നിരക്ക് അനുവദിച്ചു- ₹31813 അധികച്ചെലവ്.

പ്രൊജക്ട് : 202/22 ജി.എച്ച്.എസ്.റോഡ് ഡ്രൈനേജ് ആന്റ് കൾവർട്ട്

T.S. No. : 32538/2021-2022 DsoR 2016, COI 31.06% (RE. Vide CR 1(7)/16.3.2022)

അടങ്കൽ : 1200000, സി.എഫ്.സി (ബേസിക് ഗ്രാന്റ്)

ചെലവ് : 737338, PFMS അഡ്വൈസ് നം.CO32289771719/30.3.2022

കരാർ നമ്പർ: 006/AE/LID&EW/TGDY/2021-22/25.10.2021

(Item Rate, Total Rs.873284.84, 17.79% Below)

എംബുക്ക് നം: 34/2021-22

കരാറുകാരൻ : അൻവർ.പി

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.
1. ഫൗണ്ടേഷന് മണ്ണ്കിളച്ച് മാറ്റുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു.

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 1 കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി മണ്ണ് കിളച്ച് മാറ്റുന്ന പ്രവൃത്തിയാണ്. ഇതിന് MORD സ്പെസിഫിക്കേഷൻ കോഡ് 11.1.1.1 @487.51/m3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള പ്രവൃത്തികൾ കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി കിളയെടുക്കുന്നതിന് ആവശ്യമില്ല. പകരം ഈ പ്രവൃത്തിക്ക് കോഡ് 3.5.1 @228.51/m3 നിരക്കാണ് അനുവദിക്കാറുള്ളത്. തൻവർഷം നിർവ്വഹിച്ച സമാനമായ മറ്റ് പ്രവൃത്തികളിലും ഈ നിരക്കാണ് അനുവദിച്ചിട്ടുള്ളത് (3.5.2 കോഡ് പ്രകാരം മെഷ്യൻ ഉപയോഗിച്ച് ഇതിലും കുറഞ്ഞ നിരക്കിന് ഈ പ്രവൃത്തി നിർവ്വഹിക്കാവുന്നതാണ്). ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതിനാൽ പ്രവൃത്തിയിൽ താഴെ കാണിച്ച പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക @ 400.78m3 (ക്വോട്ടെഡ് റേറ്റ്) | അനുവദിക്കാവുന്നത്@187.85/m3 (228.51x82.21%) | ( അധികം അനുവദിച്ചത് (12% ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|

| | | |
|---|---|---|
| 79.87x400.78=32010.30 | 79.87x187.85=15003.57 | 32010.30-15003.57=17006.73<br>17006.73x112%=19047.54 |

2. ഫൗണ്ടേഷന് പാറ കിളച്ച് മാറ്റുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു.

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 1 കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി പാറ കിളച്ച് മാറ്റുന്ന പ്രവൃത്തിയാണ്. ഇതിന് MORD സ്പെസിഫിക്കേഷൻ കോഡ് 11.1.2 @609.41/m3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള പ്രവൃത്തികൾ കൾവർട്ടിന്റെയും ഡ്രൈനിന്റെയും ഫൗണ്ടേഷനായി പാറ കിളച്ച് മാറ്റുന്നതിന് ആവശ്യമില്ല. പകരം ഈ പ്രവൃത്തിക്ക് കോഡ് 3.8.1 @355.48/m3 നിരക്കാണ് അനുവദിക്കാറുള്ളത് (3.8.2 കോഡ് പ്രകാരം മെഷ്യൻ ഉപയോഗിച്ച് ഇതിലും കുറഞ്ഞ നിരക്കിന് ഈ പ്രവൃത്തി നിർവ്വഹിക്കാവുന്നതാണ്). ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതിനാൽ പ്രവൃത്തിയിൽ താഴെ കാണിച്ച പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക @ 500.99/m3 ( ടെണ്ടർ ബിലോ പ്രകാരമുള്ള റേറ്റ്) | അനുവദിക്കാവുന്നത്@292.24/m3 ( 355.48x82.21%) | അധികം അനുവദിച്ചത് (12% ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|
| 54.60x500.99/m3=27354.05<br>(70x1.30x0.60=54.60m3) | 54.60x292.24/m3=15956.30 | 27354.05-15956.30=11397.75<br>11397.75x112%=12765.48 |

അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകുകയോ അല്ലെങ്കിൽ അധികച്ചെലവ് വന്ന തുക 19047.54+12765.48=31813.02 രൂപ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41/21-22/24.1.2023 ക്ക് ലഭ്യമാക്കിയ നം.പി.ഡബ്ല്യൂ 1-1587/23 തീയ്യതി.23.21.2023 നമ്പർ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് ആവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതയുടെ വെളിച്ചത്തിൽ 31813 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യ ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം./ തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 116/22 – KWA ലൈൻ അഭിവൃദ്ധിപ്പെടുത്തൽ | 42100155/31.03.22 | 1523430 | 0 | - | 1523430 |
| | | 42100152/31.03.22 | 3400000 | 0 | - | 3400000 |
| | | 42100154/31.03.22 | 472000 | 0 | - | 472000 |
| | | 42100153/31.03.22 | 3100000 | 0 | - | 3100000 |
| | | TOTAL | 8495430 | | - | 8495430 |
| KWA | KWA ലൈൻ അഭിവൃദ്ധിപ്പെടുത്തൽ | 42100151/31.03.22 | 5000000 | 0 | - | 5000000 |
| KSEB | 13/22 നഗരസഭയുടെ | 21150647002<br>400481885/05.10.21 | 314094 | 0 | - | 314094 |

| | | | | | | |
|---|---|---|---|---|---|---|
| | വിവിധ ഭാഗങ്ങളിൽ സ്ലീറ്റ് മെയിൻ വലിക്കൽ | 2100858/18.03.22 | 165592 | 0 | - | 165592 |
| | | 2100894/28.03.22 | 227917 | 0 | - | 227917 |
| | | 2100481/13.10.22 | 52996 | 0 | - | 52996 |
| | | TOTAL | 760599 | | - | 760599 |
| -STATE HEALTH& FAMILY WELFARE SOCIETY | സിവേജ് പ്ലാന്റ് സ്ഥാപിക്കൽ(125/22) | CO2200094221/02.02.2021 | 5000000 | 0 | - | 5000000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൻ ഭവനപദ്ധതി (HUDCO) | GO(rt) No.5206/2021 FIN 30.07.2021 | 0 | 39133333 | 1506667 | 0 | 37,626,666 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18152400 |
| തൻവർഷം നിക്ഷേപിച്ച തുക | 2036953 |
| ആകെ | 20189353 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20189353 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ /തിയതി |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 3731523 | 020574/24.06.21 |
| | 6584702 | 020575/24.06.21 |
| കേരള ഗ്രാമീൺ ബാങ്ക് | 6620184 | 722534/07.02.21 |
| | 23894 | 722535/09.02.21 |
| | 101054 | 722687/04.06.21 |
| | 833341 | 722533/07.02.21 |
| കനറാ ബാങ്ക് | 2294655 | 121298/05.11.21 |
| ആകെ | 20189353 | |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം തുടരുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1996-97 (ചാർജ്ജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 2 | 1996-97 (സർചാർജ്ജ്) | 57 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 3 | 1996-97 (ചാർജ്ജ്) | 38(2), 38(3),44(എ),(ബി),45,46(എ),(ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 83151 | 80269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2882 ഈടാക്കാനവശേഷിക്കുന്നു. |
| 4 | 1996-97 (സർചാർജ്ജ്) | 50(1), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 1356 | 385 രൂപ ഈടാക്കാനവശേഷിക്കുന്നു. |
| 5 | 1998-99 (സർചാർജ്ജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 15741/Spl.Cell /SC5/04 Dt. 07.04.2005 | 39881 | 38989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു. |
| 6 | 1999-01 (സർചാർജ്ജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 10627/Spl.Cell /SC5/05 Dt. 09.2010 | 73243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 7 | 2002-03 (സർചാർജ്ജ്) | 3-3 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 8486/Spl.Cell /SC5/09 Dt. 05.02.2010 | 9044 | 9044 രൂപ ഈടാക്കാനവശേഷിക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| വർഷം | 2021-22 |
|---|---|

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 220079750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 151316212 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 126103 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2175221 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 94290 | ശ്രീമതി സഫിയ എൻ, പ്രിൻസിപ്പാൾ |
| 3-2 | | 15907 | ഭഗീരഥി.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 15906 | സന്തോഷ് കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 4,50,000 | ശ്രീമതി.ഭഗീരഥി.സി.എസ്, സെക്രട്ടറി |
| 1-32 | 20018 | ശ്രീമതി ആരുണി പി എസ്, കൃഷി ഓഫീസർ |
| 1-38 | 28165 | ഡോ.രേഷ്മ എസ്, വെറ്ററിനറി സർജൻ |
| 1-40 | 181274 | ശ്രീമതി സഫിയ എൻ, പ്രിൻസിപ്പാൾ |
| 1-42 | 1000000 | ശ്രീ. പ്രതാപൻ കെ,പ്രിൻസിപ്പാൾ |
| 1-43 | 495764 | ഭഗീരഥി.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2175221 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സഫിയ എൻ, പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ, എം എൻ കെ എം ജി എച് എസ് എസ് പുലാപ്പറ്റ, പാലക്കാട് | നിലയംകോട്ട് പറമ്പിൽ, ചെറായ പി ഒ, പോങ്ങാട്,പാലക്കാട് -678631 |
| ശ്രീമതി ഭഗീരഥി.സി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തിരൂരങ്ങാടി നഗരസഭ | കാതികോടത്ത് (ഹൗസ്) എടവിലങ്ങ് പി ഒ തൃശ്ശൂർ, 680761 |

| | | |
|---|---|---|
| ശ്രീ സന്തോഷ് കുമാർ.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു. | 26/748 B/ആലയം (ഹൗസ്) കോട്ടൂളി, കോഴിക്കോട് പിൻ-673016 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ എഫ് എം 15/2018/94 തിയതി 3.7.10 | 11 |
| 2 | 1982-83 | എൽ എഫ് എം9/2021/94 തിയതി 3.10.10 | 40 |
| 3 | 1985-86 | എൽ എഫ് എം9/2024/94 തിയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ എഫ് എം6/214/95 തിയതി 10.10.10 | 2 |
| 5 | 1990-91 | എൽ എഫ് എം6/648/96 തിയതി 3.7.10 | 12 |
| 6 | 1991-92 | എൽ എഫ് എം6/1251/94 തിയതി 3.7.10 | 17 |
| 7 | 1992-93<br>1993-94 | എൽ എഫ് എം6/1000/96 തിയതി 3.7.10 | 17 |
| 8 | 1994-95<br>1995-96 | എൽ എഫ് എം6/1014/97 തിയതി 10.10.10 | 30 |
| 9 | 1996-97 | എൽ എഫ് എം15/617/99 തിയതി 10.10.10 | 11 |
| 10 | 1998-99 | എൽ എഫ് എം14/487/01 തിയതി 10.10.10 | 2 |
| 11 | 1999-00 | എൽ എഫ് എം17/849/06 തിയതി 10.10.10 | 9 |
| 12 | 1999-2002(പ്ലാൻ) | എൽ എഫ് എം14/877/04 തിയതി 12.10.10 | 40 |
| 13 | 2000-01 | എൽ എഫ് എം17/1672/06 തിയതി 10.10.10 | 4 |
| 14 | 2001-02 | എൽ എഫ് എം10/1858/06 തിയതി 10.10.10 | 9 |
| 15 | 2002-03 | എൽ എഫ് എം17/67/08 തിയതി 10.10.10 | 3 |
| 16 | 2003-04 | എൽ എഫ് എം17/68/08 തിയതി 10.10.10 | 8 |
| 17 | 2004-05 | എൽ എഫ് എം17/2239/08 തിയതി 3.7.10 | 14 |
| 18 | 2005-06 | എൽ എഫ് എം14/738/11/ തിയതി 28.5.11 | 10 |
| 19 | 2006-07 | എൽ എഫ് എം14/1576/11 തിയതി 15.11.11 | 19 |
| 20 | 2007-08 | എൽ എഫ് എം14/1291/12/ തിയതി 19.11.12 | 15 |

| | | | |
|---|---|---|---|
| 21 | 2008-09 | എൽ എഫ് എം14/1292/12/ തിയതി 19.11.12 | 12 |
| 22 | 2009-10 | എൽ എഫ് എം14/1293/12/ തിയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ എഫ് എം14/399/13 തിയതി 12.7.13 | 18 |
| 24 | 2012-13<br>2013-14 | കെ എസ് എ എം പി എം14/1638/14 തിയതി 29.5.15 | 20 |
| 25 | 2014-15 | കെ എസ് എ എം പി എം25/3388/16 തിയതി 12.7.17 | 20 |
| 26 | 2015-16 | കെ എസ് എ എം പി എം25/240/17 തിയതി 18.4.18 | 16 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17 തിയതി 12.6.19 | 14 |
| 28 | 2017-18 | കെ.എസ്.എ.എം.പി.എം.25/1079/19 തിയതി 18.6.19 | 22 |
| 29 | 2018-19 | കെ.എസ്.എ.എം.പി.എം.25/1464/20 തിയതി 19.11.20 | 21 |
| 30 | 2019-20 | കെ.എസ്.എ.എം.പി.എം.25/1708/22 തിയതി 02.08.22 | 30 |
| 31 | 2020-21 | കെ.എസ്.എ.എം.പി.എം.25/1709/22 തിയതി 02.08.22 | 35 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്